# സന്മാർഗ്ഗശാസ്ത്ര പാഠങ്ങൾ

1223

## ഭാഗം അഞ്ച്

ഗ്രന്ഥകർത്താ

സാധു ഇട്ടിയവിര

വില 1 – 50

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,
ബേക്കർ റോഡ് : : കോട്ടയം.

(Malayalam)

# SANMARGA SASTRA PADANGAL

(Moral Science Series)

PART V

BY SADHU ITTYAVIRAH

First Edition
September 1967

600

**Price Rs. 1—50**

Copyright reserved by the Publishers.

Published by:
**The Vidyarthi Mithram Press & Book Depot,
Baker Road, Kottayam.**

Printed at
**The Vidyarthi Mithram Press,
Y. M. C. A. Road, Kottayam.**

O. N. 2683—2000

# ഒന്നു പറഞ്ഞോട്ടെ

തത്തയ്ക്കും താറാവിനുള്ളതുപോലെ കാലുണ്ടു്. എങ്കിലും താറാവിനെപ്പോലെ വെള്ളത്തിലും ചെളിയിലും സഞ്ചരിക്കേണ്ട പക്ഷിയല്ല തത്ത. അതു പറന്നു സഞ്ചരിക്കണം. അതിനുവേണം തത്ത പഠിക്കാൻ.

എരുമയ്ക്കുള്ളതുപോലെ കുതിരയ്ക്കും നാലു കാലുണ്ടു്. പക്ഷെ, എരുമയുടെ രീതിയിൽ നടക്കാൻമാത്രം കുതിര പഠിച്ചാൽ പോരാ. ചാടാൻകൂടെ കുതിര പഠിക്കണം.

- മൃഗങ്ങൾക്കുള്ളതുപോലെ മനുഷ്യനും ശരീരവും ജോലിചെയ്യാനുള്ള കഴിവും ഉണ്ടു്; വിശപ്പും ദാഹവും ഉണ്ടു്; വാസനകളും വികാരങ്ങളും ഉണ്ടു്. എന്നാൽ മൃഗങ്ങളുടെ രീതിയിൽ ജോലി ചെയ്തും, തിന്നും കുടിച്ചും, വാസനകൾ തൃപ്തിപ്പെടുത്തിയും വികാരങ്ങൾ നിയന്ത്രിക്കാതെ പ്രകടിപ്പിച്ചും ജീവിക്കേണ്ടവനല്ല മനുഷ്യൻ.

ഗോറില്ലായുടെ കരുത്തും ചിതലിന്റെ വാസ്തുവിദ്യാവൈഭവവും അഗ്നിയുടെ സംഹാരശക്തിയും മനുഷ്യനുണ്ടെങ്കിലും സ്നേഹമില്ലെങ്കിൽ ഒന്നുമില്ലാത്തവനെപ്പോലെയായിരിക്കും അവന്റെ സ്ഥിതി.

അറിവിന്റെ ഉയർച്ച അവനുണ്ടെങ്കിലും സ്നേഹത്തിന്റെ പരപ്പു് അവനില്ലെങ്കിൽ, അവൻ അറിവിന്റെ ഉച്ചിയിൽനിന്നു് തലകുത്തി വീഴാതിരിക്കുകയില്ല.

നമ്മുടെ വിദ്യാർത്ഥികൾ പരീക്ഷയിൽ ജയിക്കുന്നതിലും ഉപരിയായി ജീവിതത്തിൽ വിജയിക്കണമെന്നും, അവർ അറിവിൽ വളരുന്നതോടൊപ്പം സ്നേഹത്തിലും വളരണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ളതാണ് ഈ പാഠാവലി.

അന്തിനാട് P. O.
August 22-1967.

സാധു ഇട്ടിയവിര.

N B കുട്ടികൾക്കുവേണ്ടിയാണ് ഈ പാഠാവലി തയ്യാറാക്കിയിട്ടുള്ളതെങ്കിലും, പ്രായമായവർക്കും ഇതു പ്രയോജനകരമായിരിക്കും, ഇതു പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ, പാഠാവലി മുഴുവൻ ഒരാവർത്തി വായിച്ചിരിക്കുന്നതു നല്ലതാണ്. അവസാനം കൊടുത്തിരിക്കുന്ന പദ്യം കുട്ടികൾ മനപ്പാഠമാക്കണം.

1223

# പാഠവിവരം

പാഠം | പുറം



| | | |
|---|---|---|
| 1. | നാമൊരു കുടുംബം | 9 |
| | ഇന്ദിരയും ജോസിയും | 13 |
| 2. | അധികാരത്തിനു വിധേയൻ | 15 |
| | കടത്തുകാരൻ | 21 |
| 3. | നമ്മളെല്ലാവരും സഹോദരങ്ങൾ | 23 |
| | ഫാദർ ഡാമിയൻ | 28 |
| 4. | അന്യോന്യം ബന്ധപ്പെട്ടവർ | 31 |
| | മേജർ മക്ഫേഴ്സൺ | 34 |
| 5. | നമ്മൾ എല്ലാവരും ഒന്നാണ് | 36 |
| | ഒരുമയിലാണു ശക്തി | 38 |
| 6 | അന്യോന്യം സഹായിക്കേണ്ടവർ | 40 |
| | മരിക്കാനൊരുങ്ങിയവൻ ജീവിച്ചു | 43 |
| | തോമസ് ആൽവാ എഡിസൺ | 46 |
| 7. | മറവുള്ളവർക്കായി | 48 |
| | സ്വന്തം നാട്ടിൽ സ്ഥാനമില്ലാത്ത ദീർഘദർശി | 52 |
| 8 | അന്യോന്യം സൂക്ഷിക്കേണ്ടവർ | 54 |
| | ഹാജിഇബ്രാഹിംകുട്ടി | 57 |
| 9. | ഓരോരുത്തരും ഓരോതരത്തിൽ | 60 |
| | പണത്തിലും വേണ്ടതു സ്നേഹം | 63 |

| | | |
|---|---|---|
| 10. | എല്ലാവരും കഴിവുള്ളവർ | 65 |
| | നീന്തോളജി | 68 |
| 11. | സ്നേഹമില്ലാത്തിടത്തു ദൈവമില്ല | 70 |
| | കോമാളിയായ കോർണേലിയൂസ് | 73 |
| 12. | പല അളവിൽ | 78 |
| | വിവേകമില്ലാത്ത വിളമ്പ് | 82 |
| | പാട്ടും | 83 |

# സന്മാർഗ്ഗശാസ്ത്രപാഠങ്ങൾ

## 1

## നാമൊരു കുടുംബം



മാതാപിതാക്കന്മാർക്കു ജനിക്കുന്ന കുട്ടി, കുടുംബാംഗമായിട്ടാണു് വളരുന്നതു്. ജനനത്തോടു കൂടിത്തന്നെ അവൻ കുടുംബത്തിലുള്ളവരുടെയും, കുടുംബത്തോടു ബന്ധപ്പെട്ടവരുടെയും ബന്ധുവായിത്തീരുന്നു. മാതാപിതാക്കന്മാരുടെ മകൻ എന്നതിനും പുറമെ അവൻ, ചേട്ടന്റെ അനിയനും, മൂത്ത സഹോദരിയുടെ കുഞ്ഞാങ്ങളയും, അമ്മയുടെ സഹോദരന്റെ മരുമകനും, മൂത്ത സഹോദരിയുടെ

ഭർത്താവിൻെറ കുഞ്ഞളിയനും, പിതൃസഹോദരങ്ങളുടെയും മാതൃസഹോദരങ്ങളുടെയും കുട്ടികളുടെ കസിനും (Cousin) എല്ലാം ആയിത്തീരുന്നു. സഹോദരീസഹോദരന്മാരോടും മാതാപിതാക്കന്മാരോടും ഒത്ത് കുടുംബാംഗമായിട്ടവൻ വളരുന്നു.

ഇതേ രീതിയിൽ ദൈവത്തിൻെറ മക്കളായ മനുഷ്യർ ബൃഹത്തായ മാനവകുടുംബത്തിലെ അംഗങ്ങളാണ്.

വ്യക്തിയാണെന്നിരുന്നാലും മനുഷ്യൻ ഒററപ്പെട്ടവനല്ല. അവൻ സാമൂഹ്യജീവിയാണ്. സ്ത്രീയും പുരുഷനും ചേർന്ന സമൂഹത്തിലാണ് അവൻെറ ജനനം. എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന വിശാലമഹാകുടുംബത്തിലെ അംഗമായിട്ടാണവൻ വളരേണ്ടതു്.

തനിച്ചു ലോകത്തിലേയ്ക്കു വന്നവരാണെങ്കിലും തനിച്ചായിരിക്കാൻ നമുക്കാർക്കും ഇഷ്ടമില്ല. നമ്മളൊക്കെ മററുള്ളവരുടെ സഹവാസവും സ്നേഹവും അന്വേഷിക്കുന്നു.

ഒരു കുട്ടിക്ക് കൂട്ടുകൂടാൻ കുട്ടികളാരുമില്ലെങ്കിൽ അതു് വല്ല പൂച്ചയോടൊ, പട്ടിയോടൊ, പാവയോടൊ എങ്കിലും കൂട്ടുകൂടുന്നതു് നമ്മളൊക്കെ കണ്ടിട്ടുണ്ടായിരിക്കണം. കുട്ടികളും കുടുംബവും ഇല്ലാത്തവരും, വല്ല മൃഗങ്ങളെയും കൂട്ടിനു വളർത്തുന്നുണ്ടു്. മററുള്ളവരോടൊത്തു കഴിയാനുള്ള നമ്മുടെ നൈസർഗ്ഗികമായ വാസനയാണിതു കുറിക്കുന്നതു്.

ഒരു കുടുംബത്തിൽ ഒരു കുട്ടിമാത്രമേയുള്ളുവെന്നും

അവന്ന് കളിത്തോഴരായി ആരും ഇല്ലെന്നും ഇരിക്കട്ടെ. അവന്ന് എപ്പോഴും ഒരു മ്ലാനതയായിരിക്കും.

സമൂഹത്തിലുള്ള മററുള്ളവരോടൊത്തു മത്രമേ, നമുക്കു വളരുവാൻ സാധിക്കൂ.

എങ്കിലും സമൂഹത്തിനുവേണ്ടിയാണു് വ്യക്തി, എന്നു പറഞ്ഞുകൂടാ. കുട്ടികൾക്കു പഠിക്കുന്നതിനു സ്കൂൾ വേണം എന്നു വിചാരിച്ചു സ്കൂളിനുവേണ്ടിയാണു് കുട്ടികൾ എന്നു പറയാൻ നിവൃത്തിയില്ലല്ലോ. നമുക്കു വായു കൂടാതെ ജീവിക്കാൻ നിവൃത്തിയില്ല എങ്കിലും വായുവിനു വേണ്ടിയാണു മനുഷ്യൻ എന്നു പറഞ്ഞുകൂടാ. സാമൂഹ്യമായ സുസ്ഥിതി, രാഷ്ട്രീയമായ ഭദ്രത, ഇതൊക്കെയുണ്ടെങ്കിലേ, നാം വളരുകയുള്ളൂ. എങ്കിലും മനുഷ്യൻ സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും അടിമയായി ജീവിക്കേണ്ടവനല്ല സമൂഹം വ്യക്തികളെ വളർത്തുന്നു. വ്യക്തികളാകട്ടെ സമൂഹത്തിനു മേന്മയും രാഷ്ട്രത്തിനു മഹത്വവും കൈവരുത്തുന്നു. ഓരോ സമൂഹത്തിൻെറയും തല, അതിലെ പ്രശസ്തരായ വ്യക്തികളാണു് എന്നു പറയാം.

## അഭ്യാസം

1. ജനിക്കുന്നതോടുകൂടി ഒരു കുട്ടിക്കു്, കുടുംബത്തിലുള്ളവരോടും അടുത്തു ബന്ധപ്പെട്ടവരോടും, ഉണ്ടാകുന്ന ചില ബന്ധങ്ങൾ ഏതെല്ലാമാണു്?

2. നമ്മളെല്ലാവരും ഏതു കുടുംബത്തിലെ അംഗങ്ങളാണു്.

3. എങ്ങനെയാണു് നമ്മൾ വളരേണ്ടതു്?

4. സമൂഹത്തിനുവേണ്ടിയാണോ വ്യക്തി? രാജ്യം പ്രജകൾക്കു വേണ്ടിയോ, പ്രജകൾ രാജ്യത്തിനുവേണ്ടിയോ?

5. നിയമങ്ങൾ മനുഷ്യനു വേണ്ടിയോ, മനുഷ്യൻ നിയമങ്ങൾക്കു വേണ്ടിയോ?

6. സമൂഹം എന്നാൽ എന്താണ്?

(ജീവനുള്ള, ജീവനുള്ള അംഗങ്ങളുടെ കൂട്ടമാണ്, സമൂഹം)

7. ആരിലൂടെയാണ് ഒരു സമൂഹം വളരുന്നതു്?

8. സമൂഹം വ്യക്തികളെ വളർത്തുന്നോ, വ്യക്തികൾ സമൂഹത്തെ വളർത്തുന്നോ?

## നിർദ്ദേശങ്ങൾ

1. നിങ്ങൾ കഴിക്കുന്ന ആഹാരം ആരുടെയെല്ലാം വേലയുടെ ഫലമാണെന്നു ചിന്തിക്കുക.

2. നിങ്ങൾ ധരിക്കുന്ന വസ്ത്രങ്ങൾ, നിങ്ങൾ ഉപയോഗിക്കുന്ന പുസ്തകങ്ങൾ മുതലായവ ആരുടെയെല്ലാം പ്രയത്നത്തിന്റെ ഫലമാണെന്നു ആലോചിച്ചു നോക്കുക.

3. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് ഒരു ചക്രവർത്തിക്കുപോലും ലഭിക്കാൻ സാദ്ധ്യമല്ലാത്ത എത്രയെത്ര സാധനങ്ങളാണ്, ഇന്നു സധാരണക്കാരായ മനുഷ്യർക്കുപോലും എളുപ്പം ലഭിക്കാവുന്നതു് എന്നു് ഓർത്തുനോക്കുക.

4. എല്ലാ മനുഷ്യർക്കും വേണ്ടി രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കുക.

# ഇന്ദിരയും ജോസിയും

ശങ്കരൻകുട്ടിയും കുഞ്ഞുവറീതും ചെറുപ്പകാലത്തു് ഒന്നിച്ചു വളർന്നവരാണു്. എന്നാൽ വളർന്നു വലിയവരായതോടെ രണ്ടുപേരും രണ്ടു രാഷ്ട്രീയപ്പാർട്ടികളിലായി. ശങ്കരൻകുട്ടി സ്ഥലത്തെ കമ്മ്യൂണിസ്റ്റുപാർട്ടി നേതാവായിത്തീൎന്നു. കോൺഗ്രസ്സ് പാർട്ടി മണ്ഡലം പ്രസിഡൻറായി കുഞ്ഞുവറീതു തെരഞ്ഞെടുക്കപ്പെട്ടു. ഇതോടെ അവർ തമ്മിൽ തീരെ അടുപ്പമില്ലെന്നായി.

എന്നാൽ ശങ്കരൻകുട്ടിയുടെ കുഞ്ഞുമകൾ ഇന്ദിരയും കുഞ്ഞുവറീതിൻെറ കൊച്ചു മകൻ ജോസിയും തമ്മിൽ വലിയ സ്നേഹമായിരുന്നു. അവർ പലപ്പോഴും ഒന്നിച്ചു കളിക്കുമായിരുന്നു.

ഒരു ദിവസം, ഒരു പാർട്ടിമീററിംഗു കഴിഞ്ഞു് വീട്ടിൽ വന്നപ്പോൾ ശങ്കരൻകുട്ടി കണ്ടതു്, ഇന്ദിരയും ജോസിയും തൻെറ മുററത്തിരുന്നു്, മണ്ണട ഉണ്ടാക്കുന്നതാണു്. അട ഉണ്ടാക്കുന്നതിലെ ശ്രദ്ധാകാരണം അച്ഛൻ വന്നതു് മകൾ കണ്ടില്ല. തൻെറ മകളുടെ അശ്രദ്ധയിൽ, ശങ്കരൻകുട്ടിക്കു കോപം തോന്നി. മകളെ അയാൾ കൈക്കുപിടിച്ചു വരാന്തയിലേയ്ക്കു കയററിക്കൊണ്ടുപോയി. ജോസിയെ, അവൻെറ വീട്ടിലേയ്ക്കു പറഞ്ഞയച്ചു. അതിനുശേഷം, ജോസിയുടെ കൂടെനടന്നു് ഇന്ദിര ചീത്തയാകുകയാണെന്നും, അതുകൊണ്ടു് ഇനിയും വീട്ടിൽ വരാൻ ജോസിയെ അനുവദിക്കരുതെന്നും അദ്ദേഹം ഭാര്യയോടു പറഞ്ഞു. പ്രായമായവർക്കു മാത്രം തുറന്നു പുറത്തു പോകാനും അകത്തു വരാനും പററിയ രീതിയിൽ, ശങ്കരൻകുട്ടി തൻെറ വീട്ടിലെ ഗേററിനു പൂട്ടു വയ്പിച്ചു.

അങ്ങനെ ജോസിക്കു് ഇന്ദിരയുടെ വീട്ടിൽ പോകുന്നതിനൊ, ഇന്ദിരക്കു് ജോസിയുടെ വീട്ടിൽ പോകുന്നതിനൊ നിവൃത്തിയില്ലെന്നായി.

ഒരാഴ്ച കഴിഞ്ഞു ഒരു ദിവസം രാവിലെ, എന്തോ ആവശ്യം പ്രമാണിച്ചു പുറത്തുപോയിട്ടു്, അപ്രതീക്ഷിതമായി ശങ്കരൻകുട്ടി വീട്ടിൽ തിരിച്ചു വന്നു. അപ്പോഴം ഗേററിങ്കൽ കണ്ട കാഴ്ച അദ്ദേഹത്തിൻെറ ഹൃദയത്തെ വളരെ സ്പർശിച്ചു.

ഇന്ദിര ഗേററിനു് അകത്തും ജോസി ഗേററിനു പുറത്തും നില്ക്കുന്നുണ്ടായിരുന്നു. "ദെ, ജോസി" എന്നു പറഞ്ഞു് തൻെറ പുതിയ ഉടുപ്പു് ഗേററിനിടയിൽക്കൂടി ജോസിക്കു കാണിച്ചുകൊടുക്കുകയായിരുന്നു ഇന്ദിര.

ആ കൊച്ചു കുട്ടികളുടെ നിസർഗ്ഗസുന്ദരമായ സ്നേഹംകണ്ടു് ആ പിതാവിന്റെ ഹൃദയം അലിഞ്ഞു. അവക്കു് അദ്ദേഹം ഗേററു തുറന്നുകൊടുത്തു. രണ്ടുപേരെയും അദ്ദേഹം കെട്ടിപ്പിടിച്ചുമ്മവച്ചു.

അവിടെ നിന്നു് അദ്ദേഹം നേരെ കുഞ്ഞുവറീതിനെപ്പോയിക്കണ്ടു തൻെറ അനുഭവം വിവരിച്ചു കേൾപ്പിച്ചു.

അതു കേട്ടിട്ടു കുഞ്ഞുവറീതു പറഞ്ഞു:


"അവരെപ്പോലെ നമ്മൾ ഒരു കാലത്തു് സ്നേഹിച്ചു വളർന്നവരാണു്. ഇന്നു്, രാഷ്ട്രീയം നമ്മുടെ ഇടയ്ക്കു് ഗേററുപണിതുവച്ചിരിക്കുന്നു. ഇനി, നമുക്കീ ഗേററു തുറന്നിടാം"

"നമ്മൾ ഇന്നു മുതൽ പഴയ ചങ്ങാതിമാർതന്നെ." എന്നു പറഞ്ഞു് ശങ്കരൻകുട്ടി തൻെറ കൂട്ടുകാരൻെറ തോളിൽ കൈയിട്ടു ഇന്ദിരയും ജോസിയും ഓടിവന്നു് അവരുടെ നടുക്കു് സ്ഥലമുണ്ടാക്കി ഇരിപ്പായി. അവരുടെ ഇടയിൽ വീണ്ടും ഒരു കുടുംബാന്തരീക്ഷം സംജാതമായി.

# 2

# അധികാരത്തിന്നു വിധേയൻ

സാമൂഹ്യമായ സുസ്ഥിതിക്കും, സമൂഹത്തിലെ അംഗങ്ങളുടെ ക്ഷേമത്തിന്നും, എല്ലാ സമൂഹത്തിലും അധികാരം ആവശ്യമാണു്. ഒരു കുടുംബത്തിൽതന്നെയും എല്ലാവരും അവരവരുടെ തന്നിഷ്ടം കാണിക്കാൻ തുടങ്ങിയാൽ പററുകയില്ല. അച്ഛന്റെയോ അമ്മയുടെയോ അധികാരം ഓരോ കുടുംബത്തിലും ഉണ്ടായിരിക്കണം. ഡ്രൈവറില്ലാത്ത വണ്ടിപോലെയാണു് അധികാരമില്ലാത്ത സമൂഹം എന്നു പറയാം.



നാ[illegible] വണ്ടി ഓടിക്കുന്നയാൾ ഹിന്ദുവോ, മുസ്ലീമൊ, ഒ[illegible]ആണൊ, പെണ്ണോ, വെളുത്തനിറമുള്ളയാളൊ, കറുത്തനിറമുള്ളയാളൊ...ആകാം. ഡ്രൈവു ചെയ്യുന്നതു് ശരിയായിരിക്കണം. ഇതുപോലെ അധികാരം പ്രയോഗിക്കുന്നതു്, ഒരു രാജാവൊ, മന്ത്രിസഭയൊ, പാർലിമെന്റൊ

നേതാവൊ, പ്രസിഡൻെറാ,...ആയിരിക്കാം. അധികാരത്തിൻെറ പ്രയോക്താക്കളിൽ ഇങ്ങനെ വ്യത്യാസം ആകാമെങ്കിലും എല്ലാ സമൂഹത്തിലും അധികാരം അത്യന്താപേക്ഷിതമാണു്. സമൂഹത്തെ അതിൻെറ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്നതിനു് എല്ലാ സമൂഹത്തിലും അധികാരം കൂടിയേ തീരൂ. അതുകൊണ്ടു്, സാമൂഹ്യജീവികളെന്ന നിലയ്ക്കു് നമ്മളൊക്കെ അധികാരത്തിനു വിധേയരായിരിക്കണം. സമൂഹത്തിൻെറ സുസ്ഥിതിക്കും നിലനില്പിനും ആവശ്യമായ നിയമങ്ങളെ നമ്മൾ അനുസരിക്കണം; അധികാരത്തിലിരിക്കുന്നവരോടു വിധേയത്വം കാണിക്കണം.

അധികാരത്തിൻെറ സമ്മർദ്ദം നിവൃത്തിയുള്ളിടത്തോളം കുറയ്ക്കാൻ അധികാരത്തിലിരിക്കുന്നവർ ശ്രമിക്കണം. വ്യക്തികളെ കെട്ടിവലിച്ചു് പറുദീസായിലേയ്ക്കു തന്നെയും, അധികാരത്തിലിരിക്കുന്നവർ, കൊണ്ടുപോകാൻ പാടില്ല. അങ്ങനെയായാൽ മനുഷ്യൻെറ വ്യക്തിത്വം നശിച്ചുപോകും. അവൻ അതോടെ ഒരു കല്ലിൻെറ നിലയിലേയ്ക്കു് അധ:പതിക്കാനിടയാകും.

നല്ല ഡോക്ടർ, ഡോക്ടറെ കൂടാതെ ജീവിക്കാൻ, തൻെറ രോഗികളെ സഹായിക്കുന്നവനാണു്. നല്ലപിതാവു്, പിതാവായി വളരാൻ തൻെറ മകനെ സഹായിക്കുന്നു. ഇതുപോലെ നല്ല ഭരണകർത്താക്കൾ, ഭരണത്തി[illegible] വിധേയരായവരെ സ്വയം ഭരിക്കാൻ സഹായിക്കുന്നു.

നമ്മുടെ ശരീരത്തിൽ, തലയ്ക്കാണു് ഉയന്ന സ്ഥാനം. എന്നാൽ, തല എപ്പോഴും ആ സ്ഥാനത്തുതന്നെ ഇരിക്കരുതു്. കിടന്നുറങ്ങുമ്പോഴെങ്കിലും, തല കാലിൻെറ നിര

പ്പിൽ വരണം. എപ്പോഴും തല ഉയരത്തിൽതന്നെയിരു ന്നാൽ, അതു് അവസാനം തലതിരിവിൽ കലാശിക്കും.

അധികാരത്തിലിരിക്കുന്നവർ, എന്നും അധികാരത്തിൽ തുടരാൻ ശ്രമിക്കുന്നതു് അവരുടെയും മററുള്ളവരുടെയും നന്മയ്ക്കു നന്നല്ല.

കൂടാതെ, ഒരാൾക്കു് ഉന്നതസ്ഥാനമുള്ളതുകൊണ്ടു്, അയാളാണു് സമൂഹത്തിലെ ഏററവുംവലിയവൻ എന്നു് ആരും വിചാരിക്കേണ്ടാ.

നമ്മുടെ ശരീരത്തിൽ തലമുടിക്കാണു്, തലച്ചോറിനേക്കാളും, ഹൃദയത്തേക്കാളും ഔന്നത്യമുള്ളതു്. എങ്കിലും തലമുടിയേക്കാൾ പ്രാധാന്യമുള്ളതു് തലച്ചോറിനും ഹൃദയത്തിനും തന്നെ. നമ്മൾ തലമുടി വെട്ടിക്കളയും. തലച്ചോറും ഹൃദയവും, നമ്മൾ അങ്ങനെ വെട്ടിക്കളയുകയില്ല.

പ്രധാനമന്ത്രിയുടെ ഡ്രൈവറാണു്, കാറോടിച്ചു് അദ്ദേഹത്തെ ഓരോ സ്ഥലത്തു കൊണ്ടുപോകുന്നതു്. ഒരു തരത്തിൽ കാറിലിരിക്കുന്ന സമയത്തു്, പ്രധാനമന്ത്രിയുടെ ജീവൻ ഡ്രൈവറുടെ കൈയിലാണെന്നു പറയാം. എങ്കിലും ഡ്രൈവർ വിചാരിക്കരുതു് "ഞാനാണു് പ്രധാനമന്ത്രിയിലും വലിയവൻ," എന്നു്.

ദേവാലയങ്ങളുടെ മുകളിൽ പായൽ പിടിക്കുന്നതും, തിരുസ്വരൂപങ്ങളുടെ പുറത്തു് ചിലന്തി വലകെട്ടുന്നതും നമ്മളൊരു പക്ഷേ കണ്ടിട്ടുണ്ടായിരിക്കണം. ഇതു സംഭവിക്കാതിരിക്കണമെങ്കിൽ, അവിടെയെല്ലാം ചൂലുകൊണ്ടുള്ള അടിയും വാരും ചെല്ലണം.

ആരും ചോദിക്കാനില്ലാത്ത, ആരും വിമർശിക്കാനില്ലാത്ത അധികാരത്തിനു സംഭവിക്കുന്നതും ഇതാണു്.

അതു ദുഷിച്ചുപോകുന്നു. അതുകൊണ്ടു്, അധികാരത്തിലിരിക്കുന്നവരെ സൃഷ്ടിപരമായി വിമർശിക്കുന്നതിനു നമ്മൾ ഭയപ്പെടേണ്ടാ. അവർ തെററുചെയ്താൽ അതിന്റെ ഫലം നമ്മളും കൂടെ അനുഭവിക്കാനുള്ളവരായതുകൊണ്ടു് അവർ വഴി തെററാതെ പോകാൻ നമ്മൾ സൂക്ഷിക്കുക തന്നെ വേണം. നമ്മൾ യാത്ര ചെയ്യുന്ന ബസ്സിലെ ഡ്രൈവർ ഉറക്കം തൂങ്ങുന്നെന്നിരിക്കട്ടെ. അതു കണ്ടിട്ടു് നമ്മൾ "ഓ! പാവം. ഉറങ്ങട്ടെ. അയാൾക്കു ക്ഷീണമായിട്ടല്ലെ." എന്നു വിചാരിച്ചാൽ, നമ്മൾ, അയാൾക്കും നമുക്കും അപകടമായിരിക്കും വരുത്തിവയ്ക്കുക.

മററുള്ളവർ തങ്ങളെ വിമർശിക്കുന്നതിൽ അധികാരത്തിലിരിക്കുന്നവർ കുപിതരാകരുതു്. എന്റെ കണ്ണിലെ കരടു് എനിക്കു കാണാനൊ, എടുത്തുകളയാനൊ വിഷമമായിരിക്കെ, വേറൊരാൾ അതുകണ്ടിട്ടു് എടുത്തുകളയാൻ ശ്രമിക്കുന്നെങ്കിൽ, ഞാൻ അതിൽ അയാളോടു നന്ദി പറയുകയാണു വേണ്ടതു്. അല്ലാതെ, അയാളോടു വഴക്കടിക്കുകയല്ല.

അധികാരത്തിനു വിധേയരായവരുടെ വിമർശനം അധികാരത്തിലിരിക്കുന്നവർ, ഈ രീതിയിൽ, സ്നേഹബുദ്ധ്യാ എടുത്താൽ അതു് എല്ലാവക്കും നന്നായിരിക്കും.

അധികാരത്തിലിരിക്കുന്നവക്കു കല്പിക്കാൻ നാക്കു മാത്രമല്ല, കേൾക്കാൻ രണ്ടു ചെവിയും ഉണ്ടല്ലോ. അധികാരത്തിനു വിധേയരായവർക്കാകട്ടെ, കേൾക്കാൻ രണ്ടു ചെവിയുള്ളതുപോലെ, പറയാൻ ഒരു നാക്കും ഉണ്ടു് ഇതു് അധികാരത്തിലിരിക്കുന്നവരും അധികാരത്തിനു വിധേയരായവരും ഒരുപോലെ ഓർത്തിരിക്കേണ്ടതാണു്.

## അഭ്യാസം

1. അധികാരം എന്നാൽ എന്തു്? (ഒരു സമൂഹത്തെ അതിന്റെ ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നതിനു സഹായിക്കുന്ന പ്രേരകശക്തി.)

2. അധികാരമില്ലാത്ത സമൂഹത്തെ എന്തിനോടുപമിക്കാം.

3. അധികാരം പ്രയോഗിക്കുന്നതു് ഇന്ന തരത്തിലുള്ളവരോ ഇന്ന് ജാതിക്കാരോ ആയിരുന്നുകൊള്ളണമെന്നുണ്ടോ?

4 റോഡിൽ ഗതാഗതനിയന്ത്രണത്തിനു പോലീസുകാരൻ വേണമെന്നുണ്ടോ? അതു് വിളക്കുകൾ ഉപയോഗിച്ചും ആയിക്കൂടേ? ഗതാഗതനിയന്ത്രണം വേണമെന്നല്ലാതെ പോലീസുകാരൻതന്നെ വേണമെന്നുണ്ടോ?

5. ഏതു നിലയ്ക്കാണു് നമ്മൾ അധികാരവിധേയരായിരിക്കുന്നതു് (സാമൂഹ്യജീവികൾ എന്ന നിലയ്ക്കോ വ്യക്തികൾ എന്ന നിലയ്ക്കോ?)

6. ഒരു സമൂഹത്തിൽ അധികാരത്തിന്റെ സമ്മർദ്ദം കഴിയുന്നതും കുറവായിരിക്കണമോ, കൂടുതലായിരിക്കണമോ?

7. നല്ല കൃഷിക്കാരൻ തന്റെ ആടുകളെ, കയറിൽ പിടിച്ചുവലിച്ചുകൊണ്ടുപോകുമോ, പിറകിൽനിന്നു നയിച്ചുകൊണ്ടു പോകുമോ?

8. എങ്ങനെയുള്ള ഡോക്ടറാണു് നല്ല ഡോക്ടർ?

9. ആരാണു് നല്ല നേതാവു്? ജനങ്ങളെ വലിച്ചു

കൊണ്ടു പോകുന്നവനോ പിറകിൽനിന്നു നയിച്ചുകൊണ്ടു പോകുന്നവനോ?

10. നല്ല പിതാവ് തന്റെ മകൻ എന്നും ഒരു കുഞ്ഞായിരിക്കാനാണോ ആഗ്രഹിക്കുന്നതു്?

11. നല്ല ഭരണകർത്താക്കൾ എന്തു ചെയ്യുന്നു?

12. എപ്പോഴും ഉയരത്തിലിരിക്കുന്ന തലയ്ക്കു് അവസാനം എന്തുണ്ടാകും?

13. അധികാരത്തിൽ ഒരാൾ എപ്പോഴും കടിച്ചു തൂങ്ങിയിരുന്നാൽ കൊള്ളാമോ? വിശ്രമമില്ലാതെ, ഒരു ഡ്രൈവർ ബസ്സോടിച്ചാൽ എന്തു സംഭവിക്കും?

14. അധികാരത്തിലിരിക്കുന്നവർ ഒരു സമൂഹത്തിലെ ഏററവും വലിയവരാണെന്നുണ്ടോ?

15. അധികാരവിമർശനം നല്ലതാണോ. അതു് എങ്ങനെയുള്ളതായിരിക്കണം. (സൃഷ്ടിപരമൊ, സംഹാരപരമൊ?)

16. നമ്മുടെ ഡ്രൈവർ, ഡ്രൈവു ചെയ്യുമ്പോൾ ഉറങ്ങുന്ന സ്വഭാവമുള്ളവനാണെങ്കിൽ, നമ്മൾ എന്തു ചെയ്യണം? (പിരിച്ചുവിടണ്ടെ?)

17. ജോലിയിൽ നിന്നു പിരിച്ചുവിടപ്പെട്ടതിൻെറ പേരിൽ ആ ഡ്രൈവർ സങ്കടപ്പെടാനുണ്ടോ? പ്രത്യുത സന്തോഷിക്കയല്ലേ വേണ്ടതു്?

18. അധികാരത്തിലിരിക്കുന്നവർ വിമർശനം ഏതു രീതിയിലെടുക്കണം?

19. അധികാരത്തിലിരിക്കുന്നവർക്കും അനുസരണം വേണ്ടേ?

## നിർദ്ദേശങ്ങൾ

1. സ്കൂളിൽ അച്ചടക്കം പാലിക്കുക.

2. ക്ലാസ്സിൽ വത്തമാനം പറയാതിരിക്കുക.

3. ഒരാൾ സംസാരിക്കുമ്പോൾ ഇടയ്ക്കുകയറി സംസാരിക്കാതിരിക്കുക.

4. ടിക്കററു വാങ്ങിക്കുന്നതിനും മററും ക്യൂ പാലിക്കുക.

## കടത്തുകാരൻ

ഒരിക്കൽ, പുഴയ്ക്കക്കരെയുള്ള ഒരു സ്കൂളിൽ നിന്നും, ഇക്കരെയ്ക്കു് വിദ്യാത്ഥികളെ, ഒരു വള്ളത്തിൽ, വള്ളക്കാരൻ ഇട്ടിണ്ടാൻ, കടത്തുകയായിരുന്നു.

അപ്പോൾ മഴയുണ്ടായിരുന്നതുകൊണ്ടു്, കുട്ടികളിൽ പലരും കുട നിവർത്തിപ്പിടിച്ചു. "കുട നിവർക്കരുതു്. എല്ലാരും ഇരിക്കണം." എന്നു് ഇട്ടിണ്ടാൻ വിളിച്ചുപറഞ്ഞെങ്കിലും "ഞങ്ങളോടു കല്പിക്കാൻ താനാരാ? പിന്നെ ഞങ്ങൾ മഴകൊള്ളണോ?" എന്നു ചോദിച്ചുകൊണ്ടു്, ആ നാട്ടിലെ പഞ്ചായത്തുപ്രസിഡൻറിൻെറയും, ഡോക്ടറുടെയും കുട്ടികൾ, കുട നിവത്തിപ്പിടിച്ചുകൊണ്ടുതന്നെ വള്ളത്തിൽനിന്നു. അവരെ അനുകരിച്ചു് വേറെ നാലഞ്ചു കുട്ടികളും കുട നിവത്തിപ്പിടിച്ചു. അവരോടു് ആവത്തിച്ചുപറഞ്ഞിട്ടും ഫലമില്ലെന്നു കണ്ടു കടത്തുകാരൻ, "എന്തും ആകട്ടെ." എന്നു വിചാരിച്ചു വള്ളം തുഴഞ്ഞുകൊണ്ടുപോയി.

നദിയുടെ മദ്ധ്യത്തിൽ വള്ളം എത്തിയതോടെ ഒരു കാററുണ്ടായി. കുടയ്ക്കു കാററുപിടിച്ചു വള്ളം മറിഞ്ഞു. കുട്ടികളെല്ലാവരും വെള്ളത്തിലായി. നീന്തലറിയാമായിരുന്ന ഏഴെട്ടുപേർ നീന്തി രക്ഷപെട്ടു. ഇട്ടിണ്ടാൻ നാലഞ്ചുകുട്ടികളെ പിടിച്ചു രക്ഷപെടുത്തി. കരയ്ക്കുനിന്നിരുന്ന ആളുകൾ വെള്ളത്തിൽ ചാടി ആറേഴ കുട്ടികളെ പിടിച്ചു രക്ഷിച്ചു. എന്നാൽ, പഞ്ചായത്തു പ്രസിഡൻറിന്റെയും ഡോക്ടരുടെയും മക്കൾ ഉൾപ്പെടെ മൂന്നാനാലു കുട്ടികൾ വെള്ളം കുടിച്ചുമരിച്ചു.

കടത്തുകാരൻ ഇട്ടിണ്ടാനെ അനുസരിച്ച്, ആ കുട്ടികളെല്ലാവരും, കുടമടക്കി വള്ളത്തിൽ ഇരുന്നിരുന്നെങ്കിൽ ഈ അത്യാഹിതം ഒരിക്കലും സംഭവിക്കുകയില്ലായിരുന്നു.

1223

## 3

# നമ്മൾ എല്ലാവരും സഹോദരങ്ങൾ

ഒരാൾക്കു്, വേറൊരാളെക്കൊണ്ടു് "ഇന്നതു ചെയ്യണം" എന്നു് എപ്പോഴും പറഞ്ഞുകൊടുത്തു് ഓരോരോ സാഹചര്യങ്ങളിൽ ചെയ്യേണ്ടതു ചെയ്യിക്കാൻ നിവൃത്തിയില്ല. കൂടാതെ അങ്ങനെ പറഞ്ഞുകൊടുത്തു ചെയ്യിക്കുന്നതു് അയാളുടെ മനുഷ്യത്വത്തെ അംഗീകരിക്കാതിരിക്കുന്നതിന്റെ ഒരു പ്രകടനവും കൂടി ആയിരിക്കും. അങ്ങനെ പറഞ്ഞുകൊടുത്തു ചെയ്യിച്ചു് ആരെയും നന്നാക്കാൻ നമുക്കു സാദ്ധ്യമല്ല. അതെല്ലാം ഒരാൾ തന്റെ ബോദ്ധ്യത്തിൽ നിന്നു ചെയ്യണം.

തന്റെ കുഞ്ഞുമകൻ മലമൂത്രവിസർജ്ജനം ചെയ്തുകിടക്കുന്നതു കണ്ടിട്ടു് "അവൻ അങ്ങനെ കിടക്കട്ടെ" എന്നു് ഒരു തള്ളയും വിചാരിക്കുകയില്ല. അവനെ അവളെടുത്തു് കഴുകി വൃത്തിയാക്കും. അതിനു് ആരും അവളെ നിർബന്ധിക്കേണ്ട ആവശ്യമില്ല. എന്നാൽ, വേറെ ആരുടെയെങ്കിലും കുട്ടികൾ ആ രീതിയിൽ കിടക്കുന്നതു കണ്ടിട്ടു്, അവൾ ഇങ്ങനെ ചെയ്തെന്നു വരികയില്ല.

മററുള്ളവരൊക്കെ നമ്മളോടു ബന്ധപ്പെട്ടവരാണെന്ന പരമാർത്ഥം മനസ്സിലാകുന്നതോടു കൂടി, മററുള്ളവരെ സ്നേഹിക്കുന്നതിനും, അവർക്കു തിന്മ ചെയ്യാതിരിക്കുന്നതിനും, നന്മ ചെയ്യുന്നതിനും നമുക്കു വലിയ പ്രയാസം തോന്നുകയില്ല.

ഓരോ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി എന്തുമാത്രം ത്യാഗങ്ങളാണു സഹിക്കുന്നതു്. തങ്ങളുടെ മക്കളുടെ നല്ല ഭാവിയിലാണു് തങ്ങളുടെയും നല്ല ഭാവിയെന്നും, അവരുടെ നല്ല പേരിനെ ആശ്രയിച്ചാണു് തങ്ങളുടെ നല്ല പേരിരിക്കുന്നതെന്നും മനസ്സിലാക്കിക്കൊണ്ടു്, മക്കൾക്കുവേണ്ടി എന്തു ത്യാഗങ്ങൾ സഹിക്കുന്നതിനും മാതാപിതാക്കന്മാർതയ്യാറാകുന്നു.

മററുള്ളവരുടെ നന്മ നമ്മുടെയും നന്മയാണെന്നും, മററുള്ളവരുടെ തിന്മ നമ്മുടെയും തിന്മയാണെന്നും, നാം മനസ്സിലാക്കുന്നുവെങ്കിൽ, മററുള്ളവരെ സഹായിക്കാൻ ആരും നമ്മളോടു കല്പിക്കണ്ടാ. മററുള്ളവരോടു തിന്മ പ്രവർത്തിക്കാതിരിക്കാൻ ആരും നമ്മെ വിലക്കുകയും വേണ്ടാ. നമ്മൾ അതു് സ്വാഭാവികമായിത്തന്നെ ചെയ്യുകയും ചെയ്യാതിരിക്കുകയും ചെയ്യും.

അതുകൊണ്ടു്, ചെറുപ്പത്തിലെതന്നെ മററുള്ളവരോടെല്ലാം നമ്മൾ ബന്ധപ്പെട്ടവരാണു് എന്ന പരമാർത്ഥം നമ്മൾ മനസ്സിലാക്കണം.

സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു എന്നു നമുക്കു തോന്നിയാലും, സൂര്യൻ ഉദിക്കുന്നുമില്ല, അസ്തമിക്കുന്നുമില്ല എന്നതാണു് പരമാർത്ഥം.

നമ്മളിൽനിന്നു വ്യത്യസ്തരായവർ നമ്മളോടു ബന്ധപ്പെട്ടവരല്ല എന്നു നമുക്കു പെട്ടെന്നു തോന്നിയേക്കാമെങ്കിലും, ബന്ധപ്പെട്ടവരാണെന്നുള്ളതാണു് സത്യം.

സ്ത്രീയും പുരുഷനും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. എങ്കിലും അവർ അന്യോന്യം ബന്ധപ്പെട്ടവരാണു്, പൂർണ്ണരാകേണ്ടുവരാണു്.

1223 33113

അതുപോലെ, സജാതീയരും, വിജാതീയരും, സവ ൎണ്ണരും, അവൎണ്ണരും, ഹിന്ദുക്കളും മുസ്ലിമങ്ങളും, ..... തമ്മിൽ വ്യത്യസ്തരാണു്; എങ്കിലും അന്യോന്യം ബന്ധപ്പെട്ടവരാണു്.

ഒരു പന്തുകളിയിൽ എനിക്കെതിരായി എൻെറ അനിയൻ കളിച്ചെന്നു വരും. ഒരു കളരിപ്പയററിൽ എനിക്കെതിരായി അവൻ വാളെടുത്തെന്നു വരും. ഒരു ചൎച്ചാസമ്മേളനത്തിൽ എൻേറതിനെതിരാണെന്നു വരാം അവൻെറ നിലപാടു്. എന്നാലും, അവൻ എന്റെ ശത്രുവല്ല; അവനെൻെറ സഹോദരനാണു്. അവൻെറ നന്മ എൻെറ നന്മയാണു്; എൻെറ നന്മ അവൻെറയും. അവൻ എന്നെ സ്നേഹിക്കണം; അവനെ ഞാനും സ്നേഹിക്കണം.

എല്ലാ മനുഷ്യരും അന്യോന്യം സഹോദരങ്ങളാണു്; സ്നേഹിക്കേണ്ടവരാണു്. നിറം, ജാതി, ജീവിതനിലവാരം, മതം, ആശയം, ഭാഷ, ഇതിൻെറയെല്ലാം പേരിൽ നമ്മൾ വ്യത്യസ്തരാണു്. എന്നാൽ വിഭാഗീയ രീതിയിൽ ചിന്തിക്കാനും പ്രവൎത്തിക്കാനും തുടങ്ങുന്നതിനു മുമ്പു് നമ്മൾ മനുഷ്യരാണു്; ദൈവത്തിൻെറ മക്കളാണു്, ആ നിലയ്ക്കു് എല്ലാവരോടും നമുക്കു സ്നേഹം വേണം, “എല്ലാവരും എൻേറതാണു്; ഞാൻ എല്ലാവരുടേതുമാണു്” എന്നു നമ്മൾ ഓൎക്കണം.

തൻെറ കുഞ്ഞുമകനു്, തൻെറ വീതം ആഹാരം കൊടുക്കുന്നതിൽ ഒരു അമ്മ സന്തോഷിക്കുന്നു. അതുപോലെ, എല്ലാവരും നമുക്കു ബന്ധപ്പെട്ടവരും വേണ്ടപ്പെട്ടവരുമാണെന്നു് നമുക്കു തോന്നുമ്പോൾ, മററുള്ളവൎക്കു നന്മ

ചെയ്യുന്നതിനും, അവർക്കുവേണ്ടിത്യാഗം അനുഭവിക്കുന്നതിനും നമുക്കു പ്രയാസം തോന്നുകയില്ല. തന്റെ കൊച്ചുമകനു്, യാതൊരാപത്തും വരാതെ സൂക്ഷിക്കുന്ന അമ്മയുടെ രീതിയിൽ, അപ്പോൾ കഴിവതും മററുള്ളവർക്കു തിന്മവരാതിരിക്കാൻ നമ്മൾ നോക്കും.

## അഭ്യാസം

1. എല്ലായ്പോഴും പറഞ്ഞുകൊടുത്തു് ഒരാളെക്കൊണ്ടു് നല്ലതു ചെയ്യിക്കാൻ നമുക്കു സാധിക്കുമോ?

2. തന്റെ കിടാവിന്റെ ദേഹത്തു് എന്തെങ്കിലും അഴുക്കിരിക്കുമ്പോൾ, പശു എന്തു ചെയ്യുന്നു?

3 തങ്ങളുടെ കുഞ്ഞുങ്ങളെ ആരെങ്കിലും എടുത്തുകൊണ്ടുപോകുമെന്നു ഭയമുള്ളപ്പോൾ ചില പക്ഷികൾ, ആ കുഞ്ഞുങ്ങളെ വേറൊരു സ്ഥലത്തേയ്ക്കു് എടുത്തുകൊണ്ടു പോകാറില്ലേ?

4. തന്റെ കുട്ടികളിരിക്കുന്ന വൃക്ഷത്തിനു തീ പിടിക്കുമ്പോൾ, കാക്ക, എന്തു ചെയ്യുന്നു? "അവർ അവിടെ കിടന്നു മരിക്കട്ടെ" എന്ന ഭാവേന കാക്ക അവിടം വിട്ടു പോകുമോ?

5. ബസ്സിൽ യാത്ര ചെയ്യുമ്പോൾ, ഒരു കുഞ്ഞു് അവന്റെ അമ്മയുടെ മടിയിലേയ്ക്കു ഛർദ്ദിച്ചെന്നിരിക്കട്ടെ. അമ്മയ്ക്കു് അവന്റെ പേരിൽ കരുണയാണോ ദേഷ്യമാണോ തോന്നുന്നതു്?

6. മററുള്ളവരിൽനിന്നു് അനീതി സഹിക്കേണ്ടി വരുമ്പോൾ നമുക്കു് അവരുടെ പേരിൽ സഹതാപമാണോ ദ്വേഷ്യമാണോ തോന്നേണ്ടതു്?

1223

7. എന്തു ബോദ്ധ്യം വരുന്നതോടുകൂടി മററുള്ളവർക്കു നന്മ ചെയ്വാനും തിന്മ ചെയ്യാതിരിക്കാനും നമുക്കു് എളുപ്പം തോന്നും?

8 തമ്മിൽ തമ്മിലുള്ള മനുഷ്യരുടെ വ്യത്യാസങ്ങളാണോ, അന്യോന്യബന്ധമാണോ നമുക്കു് എളുപ്പം കാണാവുന്നതു്?

9. ഐക്യം എന്നാൽ ഐകമത്യം (ഒരേ രീതിയിൽ ചിന്തിക്കുക) എന്നും, ഐകരൂപ്യം (ഒരേ രൂപം) എന്നും ആണോ നമ്മൾ മനസ്സിലാക്കേണ്ടതു്?

10. നമ്മുടെ ശരീരത്തിലെ അവയവങ്ങൾക്കു തമ്മിൽ തമ്മിലുള്ളതു് ഐകമത്യമൊ, ഐകരൂപ്യമൊ, ഐക്യമൊ?

11. മനുഷ്യരുടെ ഇടയിലുള്ള വ്യത്യാസങ്ങൾ ഇല്ലാതായിട്ടു വേണമോ അവരുടെ ഇടയിൽ ഐക്യമുണ്ടാകാൻ?

12. എനിക്കെതിരായി പ്രവർത്തിക്കുന്നവർ എന്റെ ശത്രുക്കളാണെന്നുണ്ടോ?

13. എന്റെ അനിയൻ എനിക്കെതിരായി കളിക്കരുതെന്നോ, എനിക്കെതിരായി സംസാരിക്കരുതെന്നോ ഉണ്ടോ?

14. ഒരു അമ്മ, അവളുടെ കൊച്ചുമകനിൽ നിന്നു വ്യത്യസ്തയല്ലേ? അവർ തമ്മിലുള്ള വ്യത്യാസങ്ങളാണോ, ബന്ധമാണോ എളുപ്പത്തിൽ ആർക്കും മനസ്സിലാക്കാവുന്നതു്?

## നിർദ്ദേശങ്ങൾ

1. അന്യമതക്കാരെ കളിയാക്കി സംസാരിക്കാതെ രിക്കുക.

2. എല്ലാവരെയും സഹോദരങ്ങളായി കണക്കാക്കുക.

3 ഒരാം നിങ്ങളോടു വഴക്കു പറയുന്നെങ്കിൽ, അതു നിങ്ങളുടെ ചേട്ടൻ നിങ്ങളെ വഴക്കു പറഞ്ഞിട്ടുള്ളതു പോലെ കണക്കാക്കുക.

# ഫാദർ ഡാമിയൻ

ദൈവത്താൽ ശപിക്കപ്പെട്ടവരായിട്ടാണു്, അടുത്ത കാലം വരെ, കുഷ്ഠരോഗികളെ അനേകം ആളുകളും കരുതിയിരുന്നതു്. ഇന്നും അങ്ങനെ കരുതുന്നവർ ഇല്ലാതില്ല.

കഴിഞ്ഞ നൂററാണ്ടിൽ ഫാദർ ഡാമിയൻ മൊളോക്കോയ് ദ്വീപിലെ കുഷ്ഠരോഗികളുടെ ഇടയിലാരംഭിച്ച ജീവകാരുണ്യപ്രവർത്തനമാണു് ഈ ചിന്താഗതിക്കു് ഒരു മാററം വരുത്തിയതു്.

ബെൽജിയംകാരനായ ഫാദർ ഡാമിയൻ മിഷ്യനറി പ്രവർത്തനങ്ങൾക്കു വേണ്ടി 1863-ൽ ഹാവായ് ദ്വീപുകളിലെത്തി. അക്കാലത്തു് ഹാവായ് ഗവർമ്മെന്റു്, ആ ദ്വീപസമൂഹങ്ങളിലുള്ള കുഷ്ഠരോഗികളെയെല്ലാം മൊളോക്കോയ് എന്നൊരു ദ്വീപിലേയ്ക്കു് നാടുകടത്തിയിരുന്നു. ഈ രോഗികളുടെ, അവിടത്തെ സ്ഥിതി വളരെ ദയനീയമായിരുന്നു. അവർക്കു യാതൊരു പരിചരണവും ലഭിച്ചിരുന്നില്ല. കുടിക്കാൻ നല്ല വെള്ളംപോലും അവർക്കില്ലാ

യിരുന്നു. അവരെ അന്വേഷിക്കുന്നതിനും അവരുടെ കാര്യങ്ങൾ നോക്കുന്നതിനും ആരും ഉണ്ടായിരുന്നില്ല. അവിടെക്കിടന്നു നരകിച്ചു മരിക്കുക എന്നതിൽ കവിഞ്ഞൊന്നും അവിടെച്ചെല്ലുന്ന രോഗികൾക്കു പ്രതീക്ഷിക്കാനില്ലായിരുന്നു.

അവരുടെ കഷ്ടപ്പാടിൽ ഫാദർ ഡാമിയന്നു് അലിവുതോന്നി. കുഷ്ഠരോഗികളെ അടുത്തു വിളിച്ചാശ്വസിപ്പിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിനെ അദ്ദേഹം സ്മരിച്ചു. ജീവിക്കുന്ന ശവങ്ങളെന്ന പരിഗണനയിൽ സമൂഹം പുറന്തള്ളിക്കളഞ്ഞ അവരിൽ അദ്ദേഹം തൻെറ സഹോദരങ്ങളെ കണ്ടു.

അവരുടെ ഇടയിൽ ജോലി ചെയ്യുന്നതിനു തന്നെ അനുവദിക്കണമെന്നു് അദ്ദേഹം തൻെറ മേലധികാരികളോടപേക്ഷിച്ചു. അദ്ദേഹത്തിൻെറ നിർബന്ധം കാരണം ഒടുവിൽ മേലധികാരികൾ, അതിനു് അദ്ദേഹത്തെ അനുവദിച്ചു.

1873-ൽ മൊളോക്കോയിലെ കുഷ്ഠരോഗികളുടെ ഇടയിൽ അദ്ദേഹം തന്റെ പ്രവർത്തനം ആരംഭിച്ചു. ആദ്യം അവിടത്തെ രോഗികൾക്കു് അദ്ദേഹത്തെ സംശയമായിരുന്നു. എങ്കിലും, അദ്ദേഹം തങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടെന്നു മനസ്സിലാക്കിയതോടെ, അവർ അദ്ദേഹത്തെ സ്നേഹിക്കാൻ തുടങ്ങി. രാപകലില്ലാതെ അദ്ദേഹം അവർക്കുവേണ്ടി കഷ്ടപ്പെട്ടു. അവരുടെ വസ്ത്രങ്ങൾ കഴുകിക്കൊടുക്കുക, അവരിൽ ആരെങ്കിലും മരിക്കുമ്പോൾ, അയാളെ സംസ്കരിക്കുന്നതിനുള്ള കുഴി വെട്ടുക, മുതലായവ പോലും പലപ്പോഴും അദ്ദേഹം സസന്തോഷം ചെയ്തു.

പതിനാറു കൊല്ലത്തെ തുടർച്ചയായ പരിശ്രമം വഴി അദ്ദേഹം അവരുടെ നില മെച്ചമാക്കി. അവരും മനുഷ്യരാണു്, എന്നദ്ദേഹം ലോകത്തിനു മനസ്സിലാക്കിക്കൊടുത്തു. അവരെ അദ്ദേഹം തന്റെ സഹോദരങ്ങളെപ്പോലെയാണു് കണക്കാക്കിയിരുന്നതു്. ഒടുവിൽ കുഷ്ഠരോഗം പിടിപെട്ടാണു്, അദ്ദേഹം 1889 ഏപ്രിൽ 15-ാം തീയതി ഇഹലോകവാസം വെടിഞ്ഞതു്.


അദ്ദേഹത്തിന്റെ ധീരവും സ്നേഹനിർഭരവുമായ സേവനത്തിൽ നിന്നു പ്രചോദനം സ്വീകരിച്ചുകൊണ്ടു് പലരും കുഷ്ഠരോഗികളുടെ സഹായത്തിനും പരിചരണത്തിനും സന്നദ്ധരായി വന്നു. ഗവർമ്മെന്റുകളും കുഷ്ഠരോഗികളെ മനുഷ്യരായി പരിഗണിച്ചു് അവർക്കുവേണ്ടി ആശുപത്രികൾ സ്ഥാപിക്കാൻ തുടങ്ങി.

ഇന്നു കുഷ്ഠരോഗത്തെ മനുഷ്യർ ഭയപ്പെടുന്നുണ്ടെങ്കിലും, കുഷ്ഠരോഗിയെ, മുമ്പത്തെ രീതിയിൽ, ദൈവത്താൽ ശപിക്കപ്പെട്ട പാപിയായി പരിഗണിക്കുന്നവർ വളരെ കുറവാണു്.

## 4

# അന്യോന്യം ബന്ധപ്പെട്ടവർ

ഒരു കടലാസിൽ അല്പം മഷി തെറിപ്പിച്ചിട്ട്, "നിങ്ങൾ എന്തു കാണുന്നു?" എന്നു ഞാൻ നിങ്ങളോടു ചോദിച്ചാൽ "മഷി" എന്നു നിങ്ങൾ പറയും. മഷിക്കു ചുറ്റും, മഷിക്കു് അടിയിലും ഉള്ള വെള്ളക്കടലാസിന്റെ കാര്യം നിങ്ങൾ വിട്ടുകളയും.



ഇതുപോലെ മനുഷ്യരുടെ ഇടയിലെ വ്യത്യാസങ്ങൾ നമ്മളെല്ലാവരും എളുപ്പത്തിൽ കാണുന്നു. വ്യത്യസ്തർ എന്നതിലും ഉപരി നമ്മൾ അന്യോന്യം ബന്ധപ്പെട്ടവരാണു് എന്ന പരമാർത്ഥം നമ്മൾ പെട്ടെന്നു മനസ്സിലാക്കുന്നില്ല.

ഒരു സ്ത്രീക്കും അവളുടെ കൊച്ചു മകനും തമ്മിൽ, ആ സ്ത്രീയ്ക്കും അവളുടെ സഹോദരിക്കും തമ്മിലുള്ളതിലും കൂടുതൽ വ്യത്യാസം ഉണ്ടു്. ഈ വ്യത്യാസം മൃഗങ്ങൾക്ക

പോലും മനസ്സിലാകും. പക്ഷെ, മകനോടാണ് അമ്മയ്ക്ക് സഹോദരിയോടുള്ളതിൽ കൂടുതൽ ബന്ധം.

"മനുഷ്യൻ" എന്നു് എഴുതിയിരിക്കുന്നതു് ഒരു വാക്കാണെന്നു് മലയാളം പഠിച്ചവർക്കേ മനസ്സിലാവൂ. മലയാളം പഠിക്കാത്തവർക്കു്, അതു് തമ്മിൽതമ്മിൽ വ്യത്യസ്തങ്ങളായ നാലു് അക്ഷരങ്ങളായിട്ടേ തോന്നുകയുള്ളു.

തന്റെ കുഞ്ഞുങ്ങളെ പരിരക്ഷിക്കുന്ന പിടക്കോഴി, മററു കോഴികൾ വരുമ്പോൾ കൊത്തിയോടിക്കും.

ആറേഴ മാസം മുമ്പു്, ഇതുപോലെ താൻ സംരക്ഷിച്ചുനടന്നിരുന്ന തന്റെ ആദ്യജാതന്മാരാണവരെന്നു്, പാവം തള്ളക്കോഴി അറിയുന്നില്ല.

വിശേഷബുദ്ധിയുള്ള മനുഷ്യർക്കാകട്ടെ, ആദ്യജാതനും പിന്നെ ജനിച്ചവനും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും, രണ്ടു പേരും തങ്ങളുടെ മക്കളാണെന്ന ബോധ്യമുണ്ടു്.

മനുഷ്യർ തമ്മിലുള്ള വ്യത്യാസങ്ങൾ വളരെയാണു്. എളുപ്പത്തിൽ കാണാവുന്ന ഈ വ്യത്യാസങ്ങളിലും വലുതാണു്, ബുദ്ധിമുട്ടി മനസ്സിലാക്കാവുന്ന മനുഷ്യരുടെ പരസ്പരബന്ധം.

## അഭ്യാസം

1. ലോകത്തിലെ നന്മയാണോ തിന്മയാണോ നാം എളുപ്പത്തിൽ കാണുന്നതു്?

2. വാസ്തവത്തിൽ ലോകത്തിൽ അധികമുള്ളതു നന്മയോ തിന്മയോ?

3. മനുഷ്യരുടെ ഇടയിലെ വ്യത്യാസങ്ങളാണോ,

അവരുടെ ഐക്യമാണോ, ബുദ്ധിമുട്ടു കൂടാതെ നമുക്കു മനസ്സിലാക്കാവുന്നതു്?

4. ഒരു അമ്മയും അവളുടെ മകനും തമ്മിലുള്ള ചില വ്യത്യാസങ്ങൾ പറയുക.

5. ഒരു സ്ത്രീക്കു് തന്റെ മകനോടാണോ സഹോദരിയോടാണോ കൂടുതൽ ബന്ധം?

6. ഒരു നാടകത്തിലെ കഥാപാത്രങ്ങൾ തമ്മിലുള്ള വ്യത്യാസമാണോ, കഥയാണോ എളുപ്പം മനസ്സിലാക്കാവുന്നതു്?

7. തള്ളക്കോഴിക്കു് ഇപ്പോഴത്തെ കുഞ്ഞുങ്ങളോടാണോ, മുമ്പത്തെ കുഞ്ഞുങ്ങളോടാണോ, കൂടുതൽ ബന്ധം?

8. പൂരിപ്പിക്കുക.

മനുഷ്യർക്കു് ബാഹ്യമായി വ്യത്യാസങ്ങളുണ്ടു്?

............ഐക്യമുണ്ടു്. (ബാഹ്യമായി! ആന്തരികമായി)

9. വണ്ടു് പൂവിലെ തേൻ നുകരുന്നു. എങ്കിലും വണ്ടു് പൂവിന്റെ ഉപകാരിയാണു്. എങ്ങനെ?

## നിർദ്ദേശങ്ങൾ

1. മററുള്ളവരിലുള്ള നല്ലവശം കാണുക.

2. മററുള്ളവരുടെ ചീത്തവശങ്ങളെ പററി അന്യരോടു സംസാരിക്കരുതു്. സൗമ്യമായ സന്ദർഭം നോക്കി, അതു് അവരോടു പറയാവുന്നതാണു്.

# മേജർ മക്ഫേഴ്സൺ

ഇംഗ്ലീഷുകാരനായ മേജർ മക്ഫേഴ്സൺ പട്ടാള ശിക്ഷണത്തിൽ (military discipline) വലിയ കർശനക്കാരനായിരുന്നു. ഒരു ഡിപ്പോ ബററാലിയൻെറ (Depot Battalion) കമാണ്ടറായിരുന്ന കാലത്തു്, ഇൻഡ്യാക്കാരായ പട്ടാളക്കാർക്കു് നിസ്സാരകുററങ്ങൾക്കു പോലും, ഒന്നും രണ്ടും ആഴ്ച്ചത്തെ കഠിനതടവുകൊടുക്കുന്ന സ്വഭാവക്കാരനായിരുന്നു അദ്ദേഹം. ഇൻഡ്യാക്കാരായ പട്ടാളക്കാരെ പററി പലപ്പോഴും അദ്ദേഹത്തിനു പുച്ഛമായിരുന്നു. വെള്ളക്കാരായ ഓഫീസർമാർ കൂട്ടമ്പോൾ, (These devils) 'ഈ പൈശാചന്മാർ' എന്നാണു് അദ്ദേഹം ഇൻഡ്യാക്കാരായ പട്ടാളക്കാരെ പററി സംസാരിച്ചിരുന്നതു്.

അങ്ങനെ ഇരിക്കുമ്പോഴാണു് രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതു്. ഒരു കമ്പനി കമാണ്ടറായി, മേജർ മക്ഫേഴ്സൺ മലയായിലേയ്ക്കു നിയമിതനായി. അവിടെ വച്ചു ജപ്പാൻകാരുമായി ഏററുമുട്ടിയതിൽ അദ്ദേഹത്തിൻെറ കമ്പനിയിൽപെട്ട പലരും കൊല്ലപ്പെട്ടു. ബാക്കിയുണ്ടായിരുന്നവർ തടവുകാരാക്കപ്പെട്ടു.

വെള്ളക്കാരായ തടവുകാരോടു് ഇൻഡ്യാക്കാരായ തടവുകാരോടു പെരുമാറുന്നതിലും ക്രൂരമായിട്ടാണു് ജപ്പാൻകാർ പെരുമാറിയിരുന്നതു്. ഇന്ത്യാക്കാരായ തടവുകാർക്കു കൊടുക്കുന്നതിൻെറ പകുതി ആഹാരമേ വെള്ളക്കാരായ തടവുകാർക്കു ജപ്പാൻകാർ കൊടുത്തിരുന്നുള്ളു.

തടവുകാലത്തു് മേജർമക്ഫേഴ്സൺ വളരെ കഷ്ടപ്പെട്ടു. വിശന്നു പൊരിഞ്ഞു്, ഇൻഡ്യാക്കാരും ജപ്പാൻ

കാരും ഭക്ഷണം കഴിച്ചിട്ടത്തു കിടന്നിരുന്ന ഉച്ഛിഷ്ടങ്ങൾ അദ്ദേഹം പെറുക്കിത്തിന്നുമായിരുന്നു.

ഇതുകണ്ടു് അദ്ദേഹത്തിൻെറ പേരിൽ അലിവു തോന്നിയ അദ്ദേഹത്തിൻെറ കമ്പനിയിലെ ഒരു ശിപ്പായി, തൻെറ ആഹാരത്തിനുള്ളതിൽ നിന്നു് ഒരു ചപ്പാത്തി കടലാസിൽ പൊതിഞ്ഞു് ഒരു പോക്കററിൽ ഒളിച്ചു വച്ചു്, അദ്ദേഹത്തിനു ദിവസവും കൊണ്ടുപോയിക്കൊടുക്കുമായിരുന്നു. ഇൻഡ്യയിലായിരുന്ന കാലത്തു് ശിപ്പായികളുടെ കൂടെ എന്തെങ്കിലും ഭക്ഷിക്കുന്നതു് ഒരു വലിയ പോരായ്കയായിരുന്ന അദ്ദേഹം വലിയ ആർത്തിയോടെയാണു് ഈ ചപ്പാത്തി ദിവസവും ഭക്ഷിച്ചിരുന്നതു്. ഈ ശിപ്പായി അദ്ദേഹത്തെ വളരെയധികം സഹായിക്കുകയുണ്ടായി ഒടുവിൽ ഡിസൻട്രി പിടിച്ചു മരണാസന്നനായ് അദ്ദേഹത്തിൻെറ തല മടിയിലെടുത്തു വച്ചു് ഒരു സഹോദരൻെറ രീതിയിൽ, അദ്ദേഹത്തെ സമാശ്വസിപ്പിച്ചു്, സമാധാനമായി മരിക്കാൻ അദ്ദേഹത്തെ സഹായിച്ചതും ഈ ശിപായി തന്നെയാണു്.

തൻെറ വേദനയിലൂടെയും കഷ്ടപ്പാടിലൂടെയും, മേജറും ശിപ്പായിയും ആകുന്നതിനു മുമ്പു് മനുഷ്യർ സഹോദരങ്ങളാണെന്ന സത്യം, മരിക്കുന്നതിനു് മുമ്പു് മേജർ മക്ഫേഴ്സൺ മനസ്സിലാക്കിയിരുന്നു. ഇൻഡ്യയിലെ സമാധാന പരിതസ്ഥിതിയിൽ സാധിക്കാതിരുന്ന സത്യം മലയായിലെ യുദ്ധപരിതസ്ഥിതിയിൽ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞു.

# 5
# നമ്മൾ എല്ലാവരും ഒന്നാണ്

ഹൈസ്കൂൾ വിദ്യാർത്ഥികളായ നിങ്ങൾക്കറിയാം, കരിക്കട്ടയും, ഗ്രാഫൈറ്റും, വജ്രവും ഒരേ പദാർത്ഥമാണെന്ന്. കരിക്കട്ട കറുത്തതാണ്. ഗ്രാഫൈററിനു തിളക്കമൊന്നും ഇല്ല. വജ്രത്തിനാകട്ടെ നല്ല തിളക്കമുണ്ട്.

ചുവന്ന ഫോസ്ഫറസും മഞ്ഞ ഫോസ്ഫറസും തമ്മിൽ വളരെ വ്യത്യാസമുണ്ടെങ്കിലും രണ്ടും ഒരേ പദാർത്ഥമാണ്.

പൊങ്ങി സഞ്ചരിക്കുന്ന നീരാവിയും, ഓളം വെട്ടി മറിയുന്ന വെള്ളവും, നിശ്ചലമായി ഒരിടത്തിരിക്കുന്ന മഞ്ഞുകട്ടയും ഒരേ പദാർത്ഥം തന്നെ.

ഇതുപോലെ പാവപ്പെട്ടവനും, ധനികനും, വെള്ളക്കാരനും, നീഗ്രോയും, ബ്രാഹ്മണനും, പറയനും, കത്തോലിക്കനും, കമ്മ്യൂണിസ്റ്റുകാരനും തമ്മിൽ വളരെ വ്യത്യാസമുണ്ട്. എങ്കിലും എല്ലാവരും മനുഷ്യരാണ്. ആ രീതിയിൽ എല്ലാവരും ഒന്നാണ്.

ധനികനും, പാവപ്പെട്ടവനെപ്പോലെ ഒരു തലയും ഒരു വയറും ഒരു വായും മാത്രമേയുള്ളു.

ഒരാൾക്ക് പഠിപ്പുള്ളതുകൊണ്ട് നാലു കൈയുണ്ടാകുന്നില്ല. പഠിപ്പില്ലാത്തവന്റെ രീതിയിൽ അയാൾക്കും രണ്ടു കൈയേയുള്ളു.

ഹിന്ദുവിന്റെ രക്തത്തിനു ചന്ദനത്തിന്റെ മണമൊ, കത്തോലിക്കന്റെ രക്തത്തിനു കുന്തിരിക്കത്തിന്റെ മണമൊ, മുസ്ലീമിന്റെ രക്തത്തിനു അത്തറിന്റെ മണമൊ

ഇല്ല. എല്ലാവരുടെ രക്തത്തിൻറം ഒരേ നിറവും മണവും ആണുള്ളത്.

ഹിന്ദുവിനിട്ടടിച്ചാൽ അവനു വേദനയുണ്ട്, മുസ്ലീമിനിട്ടടിച്ചാൽ അവനും വേദനയെടുക്കും. ക്രിസ്ത്യാനിക്കിട്ടടിച്ചാൽ അവനും അതുപോലെ തന്നെ.

ജീവിതത്തിൻെറ മൗലികങ്ങളായ കാര്യങ്ങളിൽ ഹിന്ദുവും, മുസ്ലീമും, കത്തോലിക്കനും, കമ്മ്യൂണിസ്റ്റുംകാരനും......എല്ലാം ഒന്നാണ്.

## അഭ്യാസം

1. കരിക്കട്ടയും ഗ്രാഫൈറവും, വജ്രവും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ? അവ ഒരേ പദാൎത്ഥമാണ് എന്നു പറയുന്നതെന്തുകൊണ്ട്?

2. പല ഭൗതിക ഗുണങ്ങളോടുകൂടി ഒരു പദാൎത്ഥം കാണപ്പെടുന്നുണ്ടെങ്കിൽ, അതിനു ശാസ്ത്രജ്ഞന്മാർ എന്തു പറയുന്നു?

3. ഗന്ധകത്തിൻെറ രൂപാന്തരങ്ങൾ (allotropic forms) ഏതെല്ലാമാണ്?

4. എന്തുകൊണ്ടാണ് നീരാവിയുംവെള്ളവും മഞ്ഞുകട്ടയും ഒരേ പദാൎത്ഥമാണെന്നു പറയുന്നത്?

5. മനുഷ്യരുടെ ഇടയിലുള്ള വ്യത്യാസങ്ങൾക്കുള്ള അടിസ്ഥാനങ്ങളിൽ ചിലതു പറയുക?

(പ്രവൃത്തി, വിശ്വാസം, നിറം, സ്ഥലം, കാലം.)

6. ധനികരും, പാവപ്പെട്ടവരും, അറിവുള്ളവരും, അറിവില്ലാത്തവരും മൗലികമായി ഒന്നാണെന്ന് ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു സമൎത്ഥിക്കുക.

## നിർദ്ദേശങ്ങൾ

1. നിങ്ങളുടെ പേരു് പത്തു പ്രാവശ്യം എഴുതുക. ഓരോ പ്രാവശ്യം എഴുതിയതും മററുള്ളതിൽ നിന്നു് അല്പമെങ്കിലും വ്യത്യസ്തമാണെന്നു നോക്കി മനസ്സിലാക്കുക.

2. ഒരു ചെടിയിലെ ഇലകൾ, തമ്മിൽ തമ്മിൽ വ്യത്യസ്തങ്ങളാണെങ്കിലും, എങ്ങനെ തായ്ത്തടിയോടു ബന്ധപ്പെട്ടിരിക്കുന്നു എന്നു കാണിക്കുന്ന ഒരു പടം വരയ്ക്കുക.

# ഒരുമയിലാണു ശക്തി

ഇംഗ്ലീഷുകാർ ഇൻഡ്യയിൽ വന്നതു കച്ചവടത്തിനാണു്. ഇവിടെ വരുന്ന കാലത്തു് ഇൻഡ്യയിൽ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ സാധിക്കുമെന്നു് അവർക്കൊരു വിചാരവുമില്ലായിരുന്നു. എന്നാൽ തമ്മിൽ തമ്മിൽ കലഹിച്ചിരുന്ന ഇവിടത്തെ നാടുവാഴികൾ, ഇൻഡ്യയിലൊരു സാമ്രാജ്യം സ്ഥാപിക്കുന്നതിനുള്ള അവസരം അവർക്കുണ്ടാക്കിക്കൊടുത്തു. ഇൻഡ്യാക്കാരനെതിരായി ഇൻഡ്യാക്കാരൻ ഇംഗ്ലീഷുകാരൻെറ സഹായം തേടാൻ തുടങ്ങി. അതോടെ ഇൻഡ്യാക്കാരന്റെ അധഃപതനമായി.

നമ്മൾ എല്ലാവരും ഒന്നാണു് എന്ന ബോധം ഇൻഡ്യാക്കാരായ മുസ്ലീമങ്ങൾക്കും, ഹിന്ദുക്കൾക്കും, പഞ്ചാബികൾക്കും, ബംഗാളികൾക്കും,...... ഇല്ലാതെപോയി. നമ്മുടെ കലഹങ്ങളിൽ ഇടപെട്ടിടപെട്ടു്, അവസാനം ഇംഗ്ലീഷുകാർ നമ്മെ കീഴടക്കി.

ഇൻഡ്യാക്കാർ ഒരുമിച്ചു നിന്നിരുന്നെങ്കിൽ, ബ്രിട്ടിഷുകാർക്കു് ഒരിക്കലും ഇൻഡ്യയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിനു സാധിക്കുകയില്ലായിരുന്നു. നമ്മുടെ അനൈക്യത്തിൽ നിന്നു് അവർ മുതലെടുത്തു എന്നേയുള്ളൂ.


ഒന്നര നൂററാണ്ടുകാലത്തെ അടിമത്തത്തിൽ നിന്നു പല പാഠങ്ങളും നമ്മൾ പഠിച്ചു. അടിമച്ചങ്ങല നമ്മെ ഒരുമിച്ചു കൂട്ടി. അതോടെ നമ്മൾ നമ്മുടെ ശക്തി മനസ്സിലാക്കി. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ, സൈനിക സന്നാഹങ്ങളൊന്നുമില്ലാതെ, സ്വാതന്ത്ര്യത്തിനു വേണ്ടി നമ്മൾ ഒററക്കെട്ടായി നിന്നു പോരാടി. നമ്മുടെ ഐക്യശക്തിയുടെ മുമ്പിൽ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം, കടലാസുകോട്ടപോലെ മറിഞ്ഞുവീണു.

ഒരുമയില്ലാത്തിടത്തു് സ്വാതന്ത്ര്യം നിലനില്ക്കുകയില്ലെന്നും, ഒരുമയുള്ളിടത്തു് അടിമത്തം അവസാനിക്കുമെന്നും അനുഭവംകൊണ്ടു നമ്മൾ മനസ്സിലാക്കിയിരിക്കുകയാണു്.

6

# അന്യോന്യം സഹായിക്കേണ്ടവർ

നമ്മുടെ ശരീരത്തിൽ പല അവയവങ്ങളുമുണ്ടു്. അവയ്ക്കു് ഘടനയിലും പ്രവൃത്തിയിലും സ്ഥാനത്തിലും എല്ലാം വ്യത്യാസമുണ്ടു്. എന്നാൽ അവയെല്ലാം അന്യോന്യം ബന്ധപ്പെട്ടതാണു്; ഒന്നാണു്.



നമ്മുടെ കൈയും കണ്ണും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്! വലത്തെ കണ്ണിനു് ഇടത്തെ കണ്ണിനോടാണു് കയ്യോടുള്ളതിലും കൂടുതൽ സാദൃശ്യം. എങ്കിലും വലത്തെ കണ്ണിൽ ഒരു കരടു പോയാൽ ഇടത്തെ കണ്ണിനു് അതെടുത്തുകളയാൻ സാദ്ധ്യമല്ല. കണ്ണിൽ നിന്നു ഭിന്നസ്വഭാവമുള്ള കൈകൊണ്ടാണു് അതെടുത്തുകളയാൻ സാധിക്കുന്നതു്. കണ്ണിൽ കരടുവീഴുമ്പോൾ കൈ, അതെടുത്തു കളയണം. കൈയിൽ മുള്ളു കൊള്ളാതെ കണ്ണു സൂക്ഷിക്കണം.

നമ്മുടെ ശരീരത്തിലെ എല്ലാ അവയവങ്ങളും ഇങ്ങനെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു; സഹകരിക്കുന്നു.

സ്വഭാവത്തിലും, നിറത്തിലും, വിദ്യാഭ്യാസത്തിലും, ചിന്താശക്തിയിലും ആകൃതിയിലും നമുക്കു തമ്മിൽ തമ്മിൽ വളരെ വ്യത്യാസമുണ്ടെങ്കിലും നമ്മൾ എല്ലാവരും അന്യോന്യം സഹകരിക്കേണ്ടവരാണു്.

കണ്ണിൽ കരട പോകുമ്പോൾ കൈയ് അതെടുത്തു കളയുന്നില്ലെങ്കിൽ കൈയിൽ മുള്ളു കൊള്ളാതെ നോക്കാൻ കണ്ണിനു കഴിയാതെ വരും. കൈയ് തൻെറ നന്മയെക്കരുതിത്തന്നെയും കണ്ണിനെ സഹായിച്ചെങ്കിലേ പററു. ഇതുതന്നെ കണ്ണിൻെറ കാര്യത്തിലും പറയാം.

ആരോഗ്യമുള്ളവർ രോഗികളായിരിക്കുന്നവരെ ശുശ്രൂഷിച്ചു സഹായിക്കണം. രോഗികളായിരിക്കുന്നവരാകട്ടെ ആരോഗ്യമുള്ളവക്കവേണ്ടി പ്രാത്ഥിക്കണം, സഹിക്കണം; അങ്ങനെ അവരെ സഹായിക്കണം.

ധനികർ ദരിദ്രരെ പണം കൊടുത്തു സഹായിക്കണം. പാവപ്പെട്ടവർ ധനികരെ സന്മനസ്സുകൊണ്ടും പ്രാത്ഥനകൊണ്ടും സഹായിക്കണം. അമ്മ, മകനെ പിച്ചനടക്കാൻ പഠിപ്പിക്കണം. മകൻ അമ്മയെ ക്ഷമയെങ്കിലും പഠിപ്പിക്കണം. അമ്മ, മകനെ വളർത്തുന്നുണ്ടെങ്കിൽ, മകൻ അമ്മയേയും വേറൊരു തരത്തിൽ വളത്തുന്നുണ്ടു്. മകനുള്ളതുകൊണ്ടാണു്, സ്ത്രീത്വത്തിന്റെ പൂണ്ണതയിലേയ്ക്കു് (മാതൃത്വത്തിലേയ്ക്കു്) വളരാൻ അമ്മയ്ക്കു സാധിക്കുന്നതു്. അദ്ധ്യാപകൻ വിദ്യാത്ഥികളെ കണക്കും, ഇംഗ്ലീഷും, മലയാളവും പഠിപ്പിക്കുന്നെങ്കിൽ, വിദ്യാത്ഥികൾ അദ്ധ്യാപകനെ, നിഷ്കപടതയും, ഹൃദയനൈർമ്മല്യവും പഠിപ്പിക്കണം.

ഇങ്ങനെ നമ്മളെല്ലാവരും അന്യോന്യം പൂണ്ണരാക്കപ്പെടേണ്ടവരാണു്. നമുക്കു് എല്ലാവരെയും ഓരോ തരത്തിൽ സഹായിക്കാം. എല്ലാവർക്കും നമ്മളേയും ഓരോ തരത്തിൽ സഹായിക്കാം.

## അഭ്യാസം

1. നമ്മുടെ ശരീരത്തിലെ ചില അവയവങ്ങളുടെയും ചില സിസ്റ്റങ്ങളുടെയും പേരുപറയുക. അവയുടെ പ്രവൃത്തി ഏതൊക്കെയാണു്?

2. കണ്ണും കൈയും തമ്മിലുള്ള ചില വ്യത്യാസങ്ങൾ പറയുക.

3. കണ്ണും കൈയും തമ്മിൽ എങ്ങനെ സഹകരിക്കുന്നു.

ഇരുട്ടത്തു കാണാൻ പാടില്ലാത്തപ്പോൾ നാം എന്തു ചെയ്യുന്നു. തപ്പിനോക്കാറില്ലേ?

കണ്ണിലേയ്ക്കു് ആരെങ്കിലും മണ്ണുവാരി എറിയുമ്പോൾ, നാം കൈകൊണ്ടു് കണ്ണു പൊത്തിപ്പിടിക്കാറില്ലേ?

4. ആരോഗ്യമുള്ളവർ രോഗികളെ എങ്ങനെ സഹായിക്കണം?

5. രോഗികൾക്കു് ആരോഗ്യമുള്ളവരെ സഹായിക്കാൻകഴിയുമോ? എങ്ങനെയാണു സഹായിക്കാവുന്നതു്?

6. തൻെറ രോഗികളിൽ കൂടെയല്ലേ ഒരു ഡോക്ടർ അറിയപ്പെടുന്നതു്?

7. മനുഷ്യർക്കു തമ്മിൽ തമ്മിൽ സഹായിക്കാവുന്നതിനുള്ള ചില ഉദാഹരണങ്ങൾ പറയുക.

8. ഒരു ബസ്സിൽ, ഒരു അമ്മ ഒരു കൈക്കുഞ്ഞോടു കൂടികയറിവരുമ്പോൾ,നിങ്ങൾ അവൾക്കു സീററുകൊടുത്തു സഹായിക്കുന്നു. അവൾക്കു് നിങ്ങളെ എങ്ങനെ സഹായിക്കാൻ സാധിക്കും?

9. നിങ്ങൾക്ക് ഒരാൾ ഒന്നു കുടിക്കാൻ തരുന്നു. നിങ്ങൾ അയാളുടെ മകന് കണക്കു പറഞ്ഞുകൊടുക്കുന്നു. ഇതു് അന്യോന്യം സഹായിക്കലല്ലേ?

10. അമ്മ മകനെയാണോ, മകൻ അമ്മയെയാണോ പഠിപ്പിക്കുന്നതു്?

11. കുട്ടികളിൽനിന്നു് മാതാപിതാക്കന്മാർ വല്ലതും പഠിക്കുന്നുണ്ടോ?

12. ഗുരുക്കന്മാരെ വിദ്യാൎത്ഥികൾ വല്ലതും പഠിപ്പിക്കുന്നുണ്ടോ?

13. മററുള്ളവരെ സഹായിക്കാൻ കഴിവില്ലാത്തവരായി ആരുമില്ല. ഈ പ്രസ്താവന ശരിയാണോ?

## നിർദ്ദേശങ്ങൾ

1. മഴ പെയ്യുമ്പോൾ, കുടയില്ലാത്തവരെ, നിങ്ങളുടെ കുടക്കീഴെ നിർത്തിക്കൊണ്ടുപോകുക.

2. നിങ്ങളുടെ കൂട്ടുകാർക്കു നല്ല മാൎക്കു കിട്ടുമ്പോൾ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുക.

3. നിങ്ങളെ ഉപദ്രവിച്ചിട്ടുള്ളവൎക്കു് എന്തെങ്കിലും ആപത്തുവരുമ്പോൾ സങ്കടപ്പെടുക.

# മരിക്കാനൊരുങ്ങിയവൻ ജീവിച്ചു

സാധുസുന്ദർസിംഗ് എന്നൊരു ഭക്തൻ ഒരിക്കൽ ഒരു ബുദ്ധസന്യാസിയുടെ കൂടെ ടിബററിലേയ്ക്കു പോകയായിരുന്നു. മഞ്ഞണിഞ്ഞ ഹിമാലയപൎവ്വതത്തിന്റെ

ചരിവുകളിലൂടെയുള്ള മലമ്പാതയിൽ കൂടെയായിരുന്നു അവരുടെ യാത്ര. വഴിയുടെ ഒരു വശത്തു് അഗാധങ്ങളായ കുഴികളും താഴ്വരകളുമായിരുന്നു.

അങ്ങനെ അവർ നടന്നു കുറെ ചെന്നപ്പോൾ സന്ധ്യ ആകാറായി. അതോടെ മഞ്ഞുവീഴാനുള്ള ലക്ഷണവും കണ്ടു. അപ്പോഴതാ പത്തുന്തൂറടി താഴെ, ഒരു കുഴിയിൽ നിന്നു് ഒരു പാവപ്പെട്ട മനുഷ്യൻ നിലവിളിക്കുന്നു: "എന്നെ രക്ഷിക്കണേ." എങ്ങനെയോ കാൽവഴുതി അയാൾ താഴെ, കുഴിയിൽ വീണതാണു്.

"നമുക്കു പോകാം. ഇതൊക്കെ അവൻെറ വിധിയാണു്. ഈശ്വരനിശ്ചയം നമുക്കു മാററാനൊക്കുമോ? ഇവനെയൊക്കെ സഹായിക്കാൻ പോയാൽ മഞ്ഞുവീഴുന്നതിനു മുമ്പു് നമുക്കു് അടുത്ത ആശ്രമത്തിൽ എത്താൻ സാധിക്കുകയില്ല. വേഗന്നാകട്ടെ. അല്ലെങ്കിൽ, നമ്മൾ മഞ്ഞിലകപ്പെട്ടു മരവിച്ചു മരിച്ചെന്നുവരും."എന്നു് ബുദ്ധസന്യാസി, സാധു സുന്ദർസിംഗിനോടു പറഞ്ഞു.

"അയാൾ കുഴിയിൽ വീഴണമെന്നുള്ളതാണു ദൈവനിശ്ചയമെങ്കിൽ, അവനെ നമ്മൾ കുഴിയിൽനിന്നു രക്ഷിക്കണമെന്നും കൂടിയാണു് ദൈവനിശ്ചയം. അവനെ രക്ഷിക്കാൻ വേണ്ടിയാണു്, ദൈവം ഈ സമയത്തു് നമ്മളെ ഇവിടെ എത്തിച്ചിരിക്കുന്നതു്." എന്നായി സുന്ദർസിംഗ്.

"ഏതായാലും എനിക്കു് ഈ ബുദ്ധിമുട്ടിനൊന്നും കഴിവില്ല." ബുദ്ധസന്യാസി ഒഴിഞ്ഞുപറഞ്ഞു.

"എന്നാൽ, അവിടുന്നു നടന്നാലും. ഞാൻ താഴെയിറങ്ങി നോക്കട്ടെ, വല്ലതരത്തിലും അയാളെ രക്ഷിക്കാ

ക്കാമോ എന്നു്.''ഇങ്ങനെ പറഞ്ഞുകൊണ്ടു് സാധുസുന്ദർ സിംഗ് താഴേയ്ക്കിറങ്ങി. ബുദ്ധസന്യാസിയാകട്ടെ, മഞ്ഞു വീഴുന്നതിനുമുമ്പു് അടുത്ത ആശ്രമത്തിലെത്തണമെന്ന ഉദ്ദേശത്തോടു കൂടി കാലുകൾ നീട്ടിവച്ചു ശീഘ്രം നടന്നു.

താഴെയിറങ്ങി, വീണു് അവശനായിക്കിടന്നിരുന്ന മനുഷ്യനെ, സുന്ദർസിംഗ് തന്റെ തോളിലെടുത്തു് വഴിയിൽ കയറേറിക്കൊണ്ടുവന്നു. ഈ കഠിനാദ്ധ്വാനം കാരണം, മഞ്ഞുവീഴുന്ന ചുറവുപാടിലും, അദ്ദേഹം നന്നായി വിയർത്തു.

അല്പമൊന്നു വിശ്രമിച്ചശേഷം, ആ മനുഷ്യനേയും ചുമന്നുകൊണ്ടു്, അദ്ദേഹം അടുത്തുള്ള ആശ്രമത്തിലേയ്ക്കു പോയി.

ഇതിനകം എങ്ങും ഇരുട്ടു വ്യാപിച്ചിരുന്നു. ആശ്രമത്തിന്റെ പടിക്കൽ എത്താറായപ്പോൾ സുന്ദർസിംഗിന്റെ കാലിൽ എന്തോ തടഞ്ഞു. ദൈവഗത്യാ അദ്ദേഹം തട്ടിവീണില്ലെന്നേയുള്ളു. അദ്ദേഹം, അതു സൂക്ഷിച്ചു നോക്കി.

മഞ്ഞു വീഴുന്നതിനുമുമ്പു് ആശ്രമത്തിലെത്തണമെന്നു കരുതി ധൃതിവച്ചു നടന്ന ബുദ്ധസന്യാസി അതാ അവിടെ മരിച്ചു മരവിച്ചുകിടക്കുന്നു.

താഴെയിറങ്ങി, അവശനായിക്കിടന്ന മനുഷ്യനെ ചുമന്നുകൊണ്ടുവരുന്നതിനു വേണ്ടിവന്ന ദേഹാദ്ധ്വാനം കാരണം, സാധുസുന്ദർസിംഗിന്റെ ശരീരത്തിൽ നല്ലതുപോലെ ചൂടുണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹം തണുത്തുമരിച്ചില്ല.

സഹോദരനുവേണ്ടി, മരണത്തെ അഭിമുഖീകരിച്ച സുന്ദർസിംഗ് മരണത്തിൽനിന്നു രക്ഷപെട്ടു. മരണത്തിൽ നിന്നു രക്ഷപെടാൻ വേണ്ടി, അവശനായ സഹോദരനെ സഹായിക്കാതിരുന്ന ബുദ്ധസന്യാസിയാകട്ടെ മരിക്കാനും ഇടയായി.

## തോമ്മസ് ആൽവാ എഡിസൺ

സുപ്രസിദ്ധശാസ്ത്രജ്ഞനായ തോമ്മസ് ആൽവാ എഡിസണെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. അദ്ദേഹമാണു് വൈദ്യുതവിളക്കു്, ഗ്രാമഫോൺ, മുതലായ പലതും കണ്ടുപിടിച്ചതു്. അൻപതുകൊല്ലക്കാലത്തെ പരീക്ഷണങ്ങൾവഴി 1033 കണ്ടുപിടുത്തങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി.

വളരെ എളിയ രീതിയിലാണു് അദ്ദേഹം ചെറുപ്പത്തിൽ ജീവിച്ചിരുന്നതു്. മൂന്നുമാസത്തോളമെ അദ്ദേഹം സ്ക്കൂളിൽ പഠിച്ചുള്ളു. പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹം ഒരു പത്രവില്പനക്കാരനായി ജോലി തുടങ്ങി. ജോലി കഴിഞ്ഞുള്ള സമയം മുഴവൻ, പഠിക്കുന്നതിനും പരീക്ഷണങ്ങൾനടത്തുന്നതിനുമാണു് ചെറുപ്പക്കാരനായ എഡിസൺ വിനിയോഗിച്ചിരുന്നതു്.

അങ്ങനെയിരിക്കെ, ഒരു ദിവസം, ഒരു കൊച്ചുകുട്ടി ഒരു തീവണ്ടിപ്പാളത്തിലിരിക്കുന്നതും, ഒരു തീവണ്ടി അവന്റെ അടുക്കലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നതും, എഡിസൺ കണ്ടു. ഒട്ടും സമയം കളയാതെ എഡിസൺ ഓടിച്ചെന്നു് ആ കുട്ടിയെ എടുത്തുമാററി, അപകടം ഒഴിവാക്കി.

ആ കുട്ടിയുടെ പിതാവ് ഒരു കമ്പിത്തപാൽമാസ്റ്ററായിരുന്നു. അദ്ദേഹം എഡിസനു വളരെ നന്ദിപറഞ്ഞു. തന്നെയുമല്ല, എഡിസനു വിദ്യുച്ഛക്തിയിലും കമ്പിത്തപാലിലും വളരെ താല്പര്യമുണ്ടെന്നു മനസ്സിലാക്കിയ അദ്ദേഹം തനിക്കറിയാവുന്ന കാര്യങ്ങളൊക്കെ എഡിസനു പറഞ്ഞുകൊടുത്തു. അതിൽ പിന്നീടാണു്, എഡിസൺ വളർന്നു വലിയ ശാസ്ത്രജ്ഞനായത്.

സാഹസികമായ രീതിയിൽ ആ കുട്ടിയുടെ സഹായത്തിനദ്ദേഹം ഓടിയെത്തിയതും, അദ്ദേഹത്തിന്റെ ശാസ്ത്രീയപര്യവേക്ഷണങ്ങളും തമ്മിൽ നേരിട്ട ബന്ധമൊന്നുമില്ലായിരിക്കാം.

എങ്കിലും ആ നല്ല പ്രവൃത്തിയാണു്, അദ്ദേഹത്തിന്റെ ശാസ്ത്രീയപര്യവേക്ഷണങ്ങളുടെ ഗതിക്കു വേഗത കൂട്ടിയ കാറ്റലിസ്റ്റ് (Catalyst) എന്നു പറയാവുതാണു്. അന്നു് അദ്ദേഹം അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ, അദ്ദേഹത്തിന്റെ ചരിത്രം വേറൊരു രീതിയിലായിരുന്നിരിക്കാൻ ഇടയുണ്ട്.

# 7

# മററുള്ളവർക്കായി

എൻെറ കണ്ണുകൊണ്ടു് എനിക്കു് എൻെറ പിൻവശം കാണത്തില്ല; മുൻവശമെ കാണത്തുള്ളു. മററുള്ളവരുടെയാകട്ടെ മുൻവശവും പിൻവശവും എൻെറ കണ്ണുകൊണ്ടു് നേരിട്ടു തന്നെ എനിക്കു കാണാം. ഈ സ്ഥിതിക്കു്, ദൈവം എനിക്കു കണ്ണു തന്നിരിക്കുന്നതു് എന്നെക്കാളേറെ മററുള്ളവരെക്കാണാനാണു്.

എൻെറ മുഖം, എനിക്കു നേരിട്ടു കാണത്തില്ല. എൻെറ കണ്ണുകൊണ്ടു് ഞാൻ എന്നെത്തന്നെ നോക്കിയാൽ തലയില്ലാത്തവനായിട്ടെ, എന്നെക്കാണാൻ സാദ്ധ്യമാകയുള്ളു. എൻെറ മുഖം നിങ്ങൾക്കെ കാണത്തുള്ളു; നിങ്ങളുടെ മുഖം എനിക്കും.

ഞാൻ ചിരിച്ചാൽ നിങ്ങൾക്കു കാണാനുള്ളതാണു്. ഞാൻ കരഞ്ഞാലും അതുപോലെ തന്നെ.

നിങ്ങൾ ചിരിച്ചാൽഎനിക്കാണു് കാണാവുന്നതു്. അതുകണ്ടു ഞാൻ സന്തോഷിക്കണം. ദൈവത്തിനു നന്ദി പറയണം. നിങ്ങൾ കരയുമ്പോൾ നിങ്ങളുടെ കണ്ണീരു കാണാവുന്നതു് എനിക്കാണു്. നിങ്ങളുടെ സങ്കടം ഞാൻ കാണണം. നിങ്ങളുടെ കണ്ണീരു കണ്ടു് അതു് ഒപ്പിക്കളയാനാണു് ദൈവം എനിക്കു കണ്ണു തന്നിരിക്കുന്നതു്. നിങ്ങളുടെ വേദനയിൽ ഞാനും വേദനിക്കണം.

എൻെറ കൈകൊണ്ടു് ഞാൻ എന്നെയല്ല പിടിച്ചു

പൊരക്കേണ്ടതു്, മററുള്ളവരെയാണു്. ഞാൻ എന്നെത്ത ന്നെ പിടിച്ചാൽ എൻെറ പിടി മുറുകുകയില്ല. ഞാൻ



എന്നെ പിടിച്ചു പൊക്കാൻനോക്കിയാൽ ഞാൻ പൊങ്ങുകയില്ല. മററുള്ളവരെയാണു് എനിക്കു ബലമായി ഒതുക്കി പിടിക്കാവുന്നതും, പിടിച്ചുപൊക്കാവുന്നതും.

എൻെറ കാലിൽ പിടിച്ചു് ഞാനെന്നെ പൊക്കാൻ നോങ്ങിയാൽ ഞാൻ മറിഞ്ഞു പോകും.

എൻെറ തോളിൽ മററുള്ളവരെയാണു്, എന്നെയല്ല, ഞാൻ ചുമക്കേണ്ടതു്. എൻെറ തോളിലും പുറത്തും എനിക്കല്ലാത്തവർക്കൊക്കെ കയറാം.

പശുവിൻെറ പാൽ പശു കുടിക്കരുതു്. പശുവിന്റെ പാൽ കിടാവിനും മററുള്ളവർക്കും വേണ്ടിയാണു്. തന്നെ ത്താൻ പാൽ കുടിക്കുന്ന പശുവിനെ നമ്മളാരും വളർത്തു കയില്ല.

ദൈവം നമുക്കു തന്നിരിക്കുന്ന പ്രത്യേക കഴിവുകളെല്ലാം; ഇങ്ങനെ മററുള്ളവരുടെ കൂടെ ഉപകാരത്തിനാ

ണ്ടു്. അന്യോന്യം സഹായിച്ചെങ്കിലേ നമുക്കു പുരോഗമിക്കാൻ സാധിക്കയുള്ളു.

ഒരു ഡോക്ടർ എത്ര സമത്ഥനാണെങ്കിൽ തന്നെയും തൻെറ വയററിൽ ഒരു ഓപ്പറേഷൻ നടത്തരുതു്. അതു് മററു ഡോക്ടർമാരെക്കൊണ്ടു ചെയ്യിക്കണം.

ഒരു സഹോദരനും, തൻെറ സഹോദരിയെ വിട്ടുപിരിയാനുള്ള സങ്കടം കൊണ്ടു്, അവളെ വിവാഹം കഴിച്ചുകളയാമെന്നു വയ്ക്കരുതു്. സഹോദരൻ, സഹോദരിയെ മറെറാരാൾക്കു വിവാഹം ചെയ്യിച്ചു കൊടുക്കണം.

നാമോരോരുത്തരും ഇങ്ങനെ മററുള്ളവർക്കും വേണ്ടിയാണു്. മററുള്ളവർ നമുക്കു വേണ്ടിയുമാണു്. അങ്ങനെ സഹകരിച്ചും സ്നേഹിച്ചും ആണു് നമ്മൾ വളരേണ്ടതും പുരോഗമിക്കേണ്ടതും.

"തനിക്കു താനും പുരയ്ക്കു തൂണും" "അവനവൻെറ കാര്യം അവനവൻ നോക്കണം" എന്നീ ചൊല്ലുകൾ മുഴുവൻ ശരിയല്ല.

## അഭ്യാസം

1. നമ്മുടെ ശബ്ദമാണോ മററുള്ളവരുടെ ശബ്ദമാണോ നമുക്കു് തിരിച്ചറിയാൻ എളുപ്പം.

2. നിങ്ങളുടെ കണ്ണു് നിങ്ങൾ കണ്ടിട്ടുണ്ടോ? (ഒരു കണ്ണാടിയിൽ, കണ്ണിൻെറ പ്രതിച്ഛായയേ നിങ്ങൾ കാണുന്നുള്ളു.)

3. നിങ്ങളുടെ കൈകൊണ്ടു് ആർക്കാണു് നിങ്ങൾ ഹസ്തദാനം ചെയ്യേണ്ടതു്? നിങ്ങൾക്കോ മററുള്ളവർക്കോ?

4. നല്ല വസ്ത്രങ്ങൾ ധരിച്ചിട്ടു്, നിങ്ങൾ അതെപ്പോ

1223

ഴം നോക്കിക്കൊണ്ടു നടന്നാൽ എന്തു സംഭവിക്കും? നിങ്ങൾ നല്ല വസ്ത്രങ്ങൾ ധരിക്കുന്നതു കണ്ടു സന്തോഷിക്കേണ്ടവർ ആരാണു്? നിങ്ങളോ, മററുള്ളവരോ?

5. മററുള്ളവർ നല്ല വസ്ത്രങ്ങൾ ധരിച്ചു നടക്കുന്നതു കണ്ടിട്ടു് നിങ്ങൾ സന്തോഷിക്കുകയാണോ അസൂയപ്പെടുകയാണോ വേണ്ടതു്?

6. തൻെറ മകൻ നല്ല ഷർട്ടിട്ടിരിക്കുന്നതു കാണുമ്പോൾ ഒരു പിതാവിനു് അസൂയയുണ്ടോ?

7. തൻെറ മകൾ തന്നെക്കാൾ നന്നായി വസ്ത്രധാരണം ചെയ്തിരിക്കുന്നതു കണ്ടിട്ടു് അസൂയപ്പെടുന്ന അമ്മ നല്ല അമ്മയാണോ?

8. ഇരുമ്പു പെട്ടിയിലിരിക്കുന്ന പണം ഇരുമ്പു പെട്ടിക്കു വേണ്ടിയാണോ?

9. കഴുത ചുമക്കുന്ന ചുമടു് കഴുതയ്ക്കു വേണ്ടിയാണോ?

10. നമ്മുടെ കഴിവുകൾ നമ്മുടെ മാത്രം ഉപകാരത്തിനാണോ?

11. നിങ്ങളുടെ സഹോദരിയെ വിവാഹം ചെയ്തിച്ചയയ്ക്കുമ്പോൾ നിങ്ങൾക്കു സങ്കടമില്ലേ?

12. എങ്കിലും ആ സങ്കടം നിങ്ങൾ സഹിക്കാതെ ഒക്കുമോ?

13. മററുള്ളവർക്കു വേണ്ടി ത്യാഗമനുഭവിക്കുന്നതു് വിഷമമുള്ള കാര്യമാണെങ്കിലും നമ്മുടെ നന്മയ്ക്കു് ആവശ്യമുള്ള കാര്യമാണോ?

1223

## നിർദ്ദേശങ്ങൾ

1. നിങ്ങളുടെ കുഞ്ഞനിയനെ നിങ്ങളുടെ തോളിലേററി ഒന്നു കളിപ്പിക്കുക.

2. നിങ്ങളുടെ കൂട്ടുകാർ നല്ല വസ്ത്രം ധരിച്ചു നടക്കുന്നതു കാണുമ്പോഠം അതിൽ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുക.

3. നിങ്ങളുടെ അനാവശ്യമായ ഒരു ചെലവു വേണ്ടെന്നു വച്ചിട്ട്, നിങ്ങളുടെ പാവപ്പെട്ട ഒരു കൂട്ടുകാരന്റെ എന്തെങ്കിലും ഒരു അത്യാവശ്യം നിർവഹിച്ചു കൊടുക്കുക.

# സ്വന്തം നാട്ടിൽ സ്ഥാനമില്ലാത്ത ദീർഘദർശി

പ്രശസ്തനായ ഒരു ഭിഷഗ്വരനാണ് ഡോക്ടർ തോമസ്. എങ്കിലും താണ നിലയിൽനിന്നും ഉയൎന്നുവന്ന അദ്ദേഹത്തെക്കുറിച്ച് നാട്ടുകാർക്കു വലിയ മതിപ്പൊന്നുമില്ല. തീപ്പാതി വർഗീസുചേട്ടന്റെ മകൻ തോമ്മാക്കുട്ടി എന്നതിൽ കവിഞ്ഞ ബഹുമാനമൊന്നും അദ്ദേഹത്തെപ്പററി അവർക്കില്ല.

എം. ബി. ബി. എസ്. പാസ്സായശേഷം അദ്ദേഹം നാട്ടിൽ ഒരു ആശുപത്രി ആരംഭിച്ചതാണ്. നാട്ടുകാരുടെ നിസ്സഹകരണംമൂലം, അതു നിൎത്തി ഡോക്ടർ തോമസ് തമിഴ്നാട്ടിലേയ്ക്കു പോകുകയാണുണ്ടായതു്. അവിടെ ഒരു ആശുപത്രി സ്ഥാപിച്ച് അദ്ദേഹം ചികിത്സതുടങ്ങി.

ഒന്നുരണ്ടു വർഷത്തിന്നുള്ളിൽ അവിടെയെല്ലാം അദ്ദേഹം പ്രസിദ്ധനായി.

ഒരിക്കൽ, ഒരു സ്നേഹിതനോടു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു്, സന്ദർഭവശാൽ അദ്ദേഹം തൻെറ നാട്ടുകാർക്കു തന്നോടുള്ള അനാദരവിനെപ്പററി പരാമർശിക്കുകയുണ്ടായി. "ഒരു ദീർഘദർശിക്കും സ്വന്തം നാട്ടിൽ സ്ഥാനമില്ല." ഡോക്ടർ തോമ്മസ് നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു.


"ഡോക്ടർ തോമസ്. ദീർഘദർശി മനസ്സിലാക്കണം താൻ നാട്ടിലിരിക്കേണ്ടവനല്ലെന്നു്." സ്നേഹിതൻ വിശദമാക്കാൻ ശ്രമിച്ചു. "താമരപ്പൂവിലെ തേൻ നുകരുന്നതു്, അടുത്തു വെള്ളത്തിൽ തന്നെയുള്ള തവളയല്ല, അകലെ കാട്ടിൽനിന്നു വരുന്ന കരിവണ്ടാണു്. അയൽക്കാരനായ തവളയ്ക്കു് തൻെറ തേനിൽ താല്പര്യമില്ലല്ലോ എന്നോർത്തു് താമരപ്പൂ വിഷാദിക്കണ്ടാ. തവളയ്ക്കു് അതാസ്വദിക്കാനുള്ള കഴിവില്ല. അടുത്തുള്ളവർക്കുവേണ്ടി എന്നതിലും അധികം, നമ്മളൊക്കെ പലപ്പോഴും അകലെയുള്ളവർക്കുവേണ്ടിയുള്ളവരാണു്."

"ശരിയാണു്." ഡോക്ടർ തോമ്മസ് സമ്മതിച്ചു. "ഞാൻ ഡോക്ടറായിരിക്കുന്നതു് ഡോക്ടർമാർക്കുവേണ്ടി എന്നതിലും അധികം രോഗികൾക്കുവേണ്ടിയാണു്. നമ്മളോരോരുത്തരും, ഒരു തരത്തിൽ മററുള്ളവർക്കുവേണ്ടിയുള്ളവരാണു്."

അപ്പോഴേയ്ക്കും, ഒരു രോഗിയെ അവശനിലയിൽ കൊണ്ടുവന്നിരിക്കുന്നതായി, ഒരു നഴ്സ് വന്നു് അറിയിച്ചതനുസരിച്ചു്, ഡോക്ടർ തോമ്മസ് സംഭാഷണം നിർത്തി, ആ രോഗിയെ നോക്കുന്നതിന്നു പോയി.

# 4

# അന്യോന്യം സൂക്ഷിക്കേണ്ടവർ



ഒരു ഡ്രൈവർ എത്ര നല്ലവനും തന്റെ ജോലിയിൽ ശ്രദ്ധയുള്ളവനും ആണെങ്കിൽക്കൂടെ, വേറെ ഏതെങ്കിലും ഒരു ഡ്റൈവർ മതി അശ്രദ്ധയായി വണ്ടി ഓടിച്ചുകൊണ്ടു വന്നിടിച്ച് ആ നല്ല മനുഷ്യനെ ഒരു മോട്ടോറപകടത്തിൽ കൊണ്ടുചെന്നെത്തിക്കാൻ.

നമ്മൾ നല്ലവരായതുകൊണ്ടു മാത്രമായില്ല; മററുള്ളവരും നന്നായിരിക്കണം. നമ്മുടെ പറമ്പിൽ എലിയില്ലെങ്കിലും, അടുത്ത പറമ്പിൽ എലിയുണ്ടെങ്കിൽ അതു വന്നു നമ്മുടെകൃഷി നശിപ്പിക്കും.

നമ്മുടെ അദ്ധ്യാപകന്മാർ നല്ലവരാണെങ്കിൽക്കൂടി, പബ്ലിക്ക് പരീക്ഷയ്ക്ക് നമ്മുടെ ഉത്തരക്കടലാസു നോക്കുന്ന മററു സ്കൂളുകളിലെ അദ്ധ്യാപകന്മാർ നല്ലവരല്ലെങ്കിൽ നമുക്കു ന്യായമായി കിട്ടേണ്ട മാർക്കു കിട്ടിയില്ലെന്നു വരും.

നമ്മുടെ സ്നേഹിതന്മാർ, സ്നേഹം വഴിഞ്ഞൊഴുകുന്ന എഴുത്തുകൾ നമുക്കകലെനിന്നെഴുതിയാലും, നമ്മുടെ തപാ

ലാപ്പീസിലെ പോസ്റ്റുമേൻ നല്ലവനല്ലെങ്കിൽ നമുക്കു് ആ എഴുത്തുകളൊന്നും കിട്ടിയില്ലെന്നു വരും.

ഒരാൾ നല്ലവനും പഠിപ്പുള്ളവനും ആണെങ്കിൽക്കൂടി അയാളുടെ തലയ്ക്കിട്ടു കല്ലെടുത്തെറിഞ്ഞു അയാളെ അവശനാക്കാൻ ഒരു പഠിപ്പും ഇല്ലാത്ത ഒരു കൊച്ചുകുട്ടി ധാരാളം മതിയാവും.

ഇങ്ങനെ, നമ്മളോരോരുത്തരുടെയും നന്മ മററുള്ളവരുടെ നന്മയെ ആശ്രയിച്ചിരിക്കുന്നു. നമ്മളോരോരുത്തരും നമ്മുടെ സഹോദരന്റെ സൂക്ഷിപ്പുകാരൻതന്നെ. മററുള്ളവർ എങ്ങനെയും ജീവിച്ചുകൊള്ളട്ടെ, എനിക്കു് എന്റെ കാര്യം എന്നു നമ്മൾ വിചാരിക്കരുതു്. മററുള്ളവരുടെ കാര്യത്തിൽ നമുക്കൊക്കെ താല്പര്യവും മററുള്ളവരോടു സ്നേഹവും ഉണ്ടായെങ്കിലേ പററൂ.

നമ്മൾ, നമ്മളെ സ്നേഹിക്കുന്നതുപോലെ, നമ്മുടെ നന്മയ്ക്കായി നമ്മൾ അദ്ധ്വാനിക്കുന്നതുപോലെ, നമ്മൾ മററുള്ളവരെ സ്നേഹിക്കണം, മററുള്ളവരുടെ നന്മയ്ക്കുവേണ്ടിയും അദ്ധ്വാനിക്കണം ഇതു നമ്മുടെ നന്മയ്ക്കും ഗുണത്തിനും തന്നെയും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്.

## അഭ്യാസം

1. നിങ്ങളുടെ കൈയക്ഷരം നല്ലതാണെങ്കിലും, നിങ്ങളുടെ പേനായിൽനിന്നു കൂടുകൂടെ മഷി വീഴുന്നുണ്ടെങ്കിൽ, നിങ്ങൾ എഴുതിയ എഴുത്തു് എങ്ങനെയിരിക്കും?

2. ഒരാൾ നല്ല പണിക്കാരനാണെങ്കിലും അയാളുടെ ഉപകരണങ്ങൾ മോശമാണെങ്കിൽ, അയാൾക്കു നല്ലതുപോലെ പണിയാനൊക്കുമോ?

3. ഒരാൾ നല്ലവനാണെങ്കിലും അയാളുടെ വീട്ടുകാർ ദുഷ്ടരുള്ളവരാണെങ്കിൽ അയാൾക്കും ചീത്തപ്പേരുണ്ടാ യിരിക്കയില്ലേ?

4. ഡോക്ടർമാർ നല്ല മരുന്നിന് എഴുതിയാൽ ത ന്നെയും, കമ്പൗണ്ടർ മരുന്നു തെററിച്ചെടുത്തു കൊടുത്താൽ രോഗി സുഖപ്പെടുമോ?

5 ഇന്ത്യാക്കാർ സമാധാനപ്രിയരാണെങ്കിലും ചൈ നാക്കാർ യുദ്ധക്കൊതിയന്മാരാണെങ്കിൽ നമുക്കു സമാധാ നമായി ജീവിക്കാൻ സാധിക്കുമോ?

6. നിങ്ങൾ പഠിക്കാൻ താല്പര്യമുള്ളവരാണെങ്കിലും നിങ്ങളുടെ അദ്ധ്യാപകന്മാർ അവരുടെ ജോലിയിൽ തീരെ ശ്രദ്ധയില്ലാത്തവരാണെങ്കിൽ, നിങ്ങൾക്കു നല്ല മാർക്കു വാങ്ങി ജയിക്കാനൊക്കുമോ?

7. നിങ്ങൾ നല്ല കുട്ടികളാണെങ്കിലും, നിങ്ങൾ യാത്ര ചെയ്യുന്ന ബസ്സിലെ ഡ്രൈവർ കള്ളുകുടിച്ചശേഷം ലക്കില്ലാതെയാണു വണ്ടി ഓടിക്കുന്നതെങ്കിൽ, നിങ്ങൾ ക്ക് അപകടമുണ്ടാകാൻ സാദ്ധ്യതയില്ലേ?

8 നമ്മളെല്ലാം നമ്മുടെ സഹോദരന്മാരുടെ സൂക്ഷി പ്പുകാരാണോ?

9 നിങ്ങളുടെ അടുത്ത വീട്ടിൽ ഒരാൾ ആഹാരം ഇല്ലാതെ വലയുമ്പോൾ നിങ്ങൾക്ക് അതിൽ ഒന്നും തോ ന്നാതിരുന്നാൽ കൊള്ളാമോ? അപ്പോൾ നിങ്ങൾ എന്തു ചെയ്യണം?

10. നിങ്ങൾക്ക് ആറേഴു ഷർട്ടുണ്ടായിരിക്കെ, കീറിയ ഷർട്ടിട്ട ഒരാളെ നിങ്ങൾ കാണുന്നെന്നിരിക്കട്ടെ. അപ്പോൾ നിങ്ങൾ എന്തുചെയ്യണം.

11. നിങ്ങൾക്കു ധാരാളം സ്ഥലം ഉണ്ടായിരിക്കെ, കിടക്കാൻ സ്ഥലമില്ലാത്ത ഒരാളെ നിങ്ങൾ കണ്ടുമുട്ടുന്നെന്നിരിക്കട്ടെ. അപ്പോൾ നിങ്ങൾ എന്തു ചെയ്യണം.

12. നിങ്ങൾക്കു് ആരോഗ്യമുണ്ടായിരിക്കെ ഒരാളെ വിഷമത്തിലും കഷ്ടപ്പാടിലും നിങ്ങൾ കാണുന്നെന്നിരിക്കട്ടെ, അപ്പോൾ നിങ്ങൾ എന്തു ചെയ്യണം?

13. ഒരാളെ ദുഖിക്കുന്നവനായി കാണുമ്പോൾ എന്താണു് നമ്മൾ ചെയ്യേണ്ടതു്.

14. ഒരാളെ സന്തോഷിക്കുന്നവനായി കാണുമ്പോൾ എന്താണു നമ്മൾ ചെയ്യേണ്ടതു്.

## നിർദ്ദേശങ്ങൾ

1. നമുക്കുള്ളിടത്തോളം. പണം, വിദ്യാഭ്യാസം സ്ഥാനം, മുതലായതൊന്നും ഇല്ലാത്തവരോടു് ഒരിക്കലും മര്യാദയില്ലാതെ സംസാരിക്കരുതു്.

2. ബസ്സിൽ നില്ക്കേണ്ടപ്പോൾ, വാതില്ക്കൽ നിൽക്കാതെ, ഉള്ളിലോട്ടു മാറി നില്ക്കുക.

3. സാധാരണക്കാരായ ആളുകളോടു നാട്ടിലെ രീതിയനുസരിച്ചു കുശലാന്വേഷണം നടത്തുക.

# ഹാജി ഇബ്രാഹിംകുട്ടി

റോഡരികിലുള്ള പുറമ്പോക്കുഭൂമിയിൽ ഒരു ചെറിയ കുടിൽ വച്ചാണു് ബീഡി തെറുപ്പുകാരനായ ശശി താമസിച്ചിരുന്നതു്. ശശിയുടെ വീടിനടുത്തായിരുന്നു ഹാജി ഇബ്രാഹിംകുട്ടി മുതലാളിയുടെ ബംഗ്ലാവു്.

ഹാജി ഇബ്രാഹിംകുട്ടി കളവും വഞ്ചനയും ഒന്നും ഇല്ലാത്ത ഒരു വലിയ കച്ചവടക്കാരനായിരുന്നു. സമയത്തിനു പ്രാൎത്ഥിക്കുന്ന കാൎയ്യത്തിലും മുസ്ലീങ്ങളായ പാവപ്പെട്ടവരെ സഹായിക്കുന്നതിലും വലിയ നിഷ്ഠക്കാരനായിരുന്നു അദ്ദേഹം. എന്നാൽ അന്യമതസ്ഥരെ കാഫർമാരായിട്ടാണു് പരിഗണിച്ചിരുന്നതു്. അവൎക്കു് എന്തെങ്കിലും സഹായം ചെയ്യുന്നതു് ഒരു മാതിരി പ്രമാണലംഘനമാണെന്നുപോലുമായിരുന്നു അദ്ദേഹത്തിന്റെ വിചാരം.

പുറമ്പോക്കിൽ കുടിലുംവച്ചു താമസിച്ചിരുന്ന ശശിയേയും അവൻെറ പീക്രിപ്പിള്ളേരേയും പററി ഹാജിക്കു അവജ്ഞയായിരുന്നു. "അവനൊക്കെ കെട്ട കമ്മ്യൂണിസ്റ്റ് കാരൻ" എന്നു പലരോടും പറയുമായിരുന്നു ഹാജി.

ഒരിക്കൽ ശശിക്കു പനി പിടിച്ചു. അതോടെ ശശിയുടെ കുടുംബം പട്ടിണിയിലായി. ശശിയുടെ ഭാൎയ്യ പല സ്ഥലത്തുംചെന്നു ചോദിച്ചിട്ടും ആരും ഒരു സഹായം ചെയ്തില്ല. ചില പാവപ്പെട്ട അയൽക്കാർ കുറച്ചു കപ്പയും ഒന്നുരണ്ടു ചക്കയും കൊടുത്തു. ശശിയുടെ ഭാൎയ്യ, ആശുപത്രിയിൽനിന്നു മരുന്നുവാങ്ങിക്കൊണ്ടുവന്നു ഭൎത്താവിനു നൽകി. ഒരാഴ്ചകഴിഞ്ഞപ്പോഠം ശശിയുടെ പനി കുറഞ്ഞു. ശശിക്കു് കുറേശ്ശെ ജോലി ചെയ്യാമെന്നായി. എന്നാൽ പെട്ടെന്നു് ശശിയുടെ ഇളയമകൻ ശരത്തിനു ഛർദ്ദിയും ഒഴിച്ചിലും ബാധിച്ചു. അതു് കോളറാ ആയിരുന്നെന്നു് പിറെറ ദിവസം കുട്ടി മരിച്ചശേഷമാണു് ശശിക്കു മനസ്സിലായതു്.

ഒന്നിനു പുറകെ ഒന്നായി അവിടെ അടുത്തു പലരും കോളറാ ബാധിച്ചു മരിച്ചു. അക്കൂട്ടത്തിൽ ഹാജിയുടെ ഏകമകൾ അമീനായും മരിക്കാനിടയായി.

"ഇതുങ്ങളൊക്കെ ഇവിടെ കിടന്നിട്ടാ നമുക്കും നാശം. ഇവരൊക്കെ സൂക്ഷിക്കാത്തതുകൊണ്ടു് നമ്മളും സങ്കടപ്പെടേണ്ടിയിരിക്കുന്നു. എന്റെ പടച്ചോനെ ഈ ഇബിലീസുകളൊക്കെ ഒന്നു ചത്തിരുന്നെങ്കിൽ!" ഒരു ദിവസം ഒരു സാമൂഹ്യപ്രവർത്തകനായ ഇസ്മേൽസാറി നോടു പറഞ്ഞു അതിനു് "അവരെയൊക്കെ സഹായിക്കാ ഞ്ഞതുകൊണ്ടാണു് പടച്ചവൻ ഇങ്ങനെ നമ്മളോടു ചെയ്തതു്." എന്നായിരുന്നു സാറിൻെറ മറുപടി.

# 9

# ഓരോരുത്തരും ഓരോതരത്തിൽ

പലപ്പോഴും നമ്മുടെ വിചാരം, പണംകൊടുത്തും, ആഹാരം കൊടുത്തും, ഉദ്യോഗം കൊടുത്തും മാത്രമെ ഒരാളെ സഹായിക്കാൻ സാധിക്കുകയുള്ളു എന്നാണ്. അതു ശരിയല്ല. നമുക്ക് ഒരു നല്ല വാക്കു പറഞ്ഞ് ഒരു രോഗിയെ ആശ്വസിപ്പിക്കാവുന്നതാണ്; ഒരു പക്ഷെ മരുന്നു കൊടുക്കുന്ന ഡോക്ടറെക്കാൾ അധികമായി.



ഒന്നു പുഞ്ചിരിച്ച്, ഒന്നു കൈയടിച്ച്, ഒന്ന് അനുമോദിച്ച് നമുക്ക് ഒരാളെ സന്തോഷിപ്പിക്കാം, ഉത്സാഹഭരിതനാക്കാം. ഒരാൾക്കുവേണ്ടി വേറൊരാളുടെ അടുക്കൽ നമുക്കു മാദ്ധ്യസ്ഥത പറയാം. വല്ലതും ജോലി ചെയ്തുകൊടുത്തുകൊണ്ട്, മററുള്ളവർക്ക് നമുക്കുപകാരം ചെയ്യാം. ഇതൊന്നും ചെയ്യാൻ സാധിച്ചില്ലെങ്കിലും മററുള്ളവക്കു

വേണ്ടി നമുക്കു പ്രാൎത്ഥിക്കാം, അവക്കു നന്മവരണേ എന്നു നമുക്കു ആഗ്രഹിക്കാം, അവർക്കുവേണ്ടി സഹിക്കാം.

നിങ്ങറം സ്കൂളിലായിരിക്കുമ്പോറം നിങ്ങളുടെ മാതാപിതാക്കന്മാരുടെ അടുത്തല്ല. മാതാപിതാക്കന്മാരല്ല, നിങ്ങളെ നേരിട്ടു പഠിപ്പിക്കുന്നതു്. എങ്കിലും മാതാപിതാക്കന്മാർ "എൻെറ മക്കറം നന്നായി പഠിക്കണേ, അവക്കു നന്മവരണേ" എന്നു് ആഗ്രഹിക്കുകയും പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

ഇങ്ങനെ, ഒരു അമ്മയുടേയൊ അച്ഛൻെറയോ രീതിയിൽ, എല്ലാവരുടെ പേരിലും നമുക്കു സ്നേഹമുണ്ടായിരിക്കണം. എല്ലാവർക്കും നന്മ വരണേ, എന്നുള്ളതായിരിക്കണം നമ്മുടെ എപ്പോഴുമുള്ള പ്രാൎത്ഥനയും ആഗ്രഹവും. ഇതിനു കഴിവില്ലാത്തവരായി ആരാണുള്ളതു്? എത്ര പാവപ്പെട്ടവനും ഏതു രോഗാതുരനും ഇതിനു സാധിക്കും.

എൻെറ പരിചയത്തിൽ, ഒരു അനാഥശാലയിലെ ഒരു കുട്ടി ഇന്നൊരു മെഡിക്കൽ കോളെജ് വിദ്യാൎത്ഥിയാണു്. അനാഥശാലയുടെ ഡയറക്ടറാണു് ആ വിദ്യാൎത്ഥിയെ പഠിപ്പിക്കുന്നതു്. ആ വിദ്യാൎത്ഥിയുടെ അമ്മ വളരെ പാവപ്പെട്ടവളാണു്. അവർ ഒരു വീട്ടിൽ അടുക്കളപ്പണിക്കു നില്ക്കുന്നതായിട്ടാണു് എൻെറ അറിവു്. മകനെ പഠിപ്പിക്കാൻ ആ അമ്മയ്ക്കു കഴിവില്ല. എങ്കിലും ആ അമ്മയാണു് അനാഥശാലയിലെ ഡയറക്ടററെക്കാറം ആ കുട്ടിയെ സ്നേഹിക്കുന്നതു്.

ഇങ്ങനെ, നമ്മുടെ കഷ്ടപ്പാടുകളിലും ബലഹീനതക ളിലും നമുക്ക് മററുള്ളവരെ സഹായിക്കാൻ സാധിക്കും. മററുള്ളവർക്കു പണം കൊടുക്കാൻ നമുക്കു സാധിക്കുകയി ല്ലെങ്കിലും അവരെ സ്നേഹിക്കാൻ നമുക്കു കഴിയും. മററുള്ള വർക്ക് കൈ കൊടുക്കാൻ നമുക്കു നിവൃത്തിയില്ലായിരി ക്കാം. ഒരു പക്ഷെ, നമ്മൾ ബന്ധിതനാണെന്നും, നമ്മുടെ കൈകൾ കുരിശിൽ തറച്ചിരിക്കുകയാണെന്നും വരാം. എന്നാലും നമ്മുടെ ഹൃദയം എല്ലാവർക്കും തുറന്നു കൊടു ക്കാൻ നമുക്കു സാധിക്കും. മററുള്ളവർക്കു നന്മ ചെയ്യാനും അവർക്കുവേണ്ടി പ്രാത്ഥിക്കാനും കഴിവില്ലാത്തവരായി ആരുമില്ല.

## അഭ്യാസം

1. നിങ്ങൾക്ക് എല്ലാവരെയും പണം കൊടുത്തു തൃപ്തിപ്പെടുത്താൻ കഴിയുമോ?

2. വിദ്യാത്ഥികളായിരിക്കുമ്പോൾ നിങ്ങൾക്കു് മററുള്ളവർക്കു ചെയ്യാവുന്ന ചില സേവനങ്ങൾ പറയുക?

a) പരിസരങ്ങൾ വൃത്തികേടാക്കാതെ സൂക്ഷിക്കുക

b) ഒരാളുടെ കൈയിൽ നിന്നു എന്തെങ്കിലും വീണു പോയാൽ അതെടുത്തു കൊടുക്കുക.

c) നിങ്ങൾക്ക് രണ്ടു പുസ്തകമുണ്ടെങ്കിൽ ഇല്ലാത്ത യാൾക്ക് ഒന്നു കൊടുക്കുക.

d) കൊച്ചു കുട്ടികൾക്ക്, വെള്ളം കോരി കൊടു ക്കുക.

ഇങ്ങനെയൊക്കെ നിങ്ങൾ ചെയ്യാറുണ്ടോ?

3. അമ്മയുടെയും അച്ഛൻെറയും രീതിയിൽ കുട്ടി

കളായിരിക്കുമ്പോൾ തന്നെ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും?

4. കഷ്ടപ്പെടുന്നവർക്കും പ്രയാസപ്പെടുന്നവർക്കും മററുള്ളവരെ സഹായിക്കാൻ കഴിയുമോ?

5. മനുഷ്യനു പണം ആണോ സ്നേഹം ആണോ കൂടുതൽ ആവശ്യം?

6. മാതാപിതാക്കന്മാരുടെ പണം ആവശ്യമില്ലാത്തവർക്കും അവരുടെ സ്നേഹം ആവശ്യമില്ലേ?

## നിർദ്ദേശങ്ങൾ

1. രോഗികളെ കണ്ടു് അവരോടു ആശ്വാസ വാക്കുകൾ പറയുക.

2. അകലെ വിയററ്നാമിൽ യുദ്ധം കൊണ്ടു കഷ്ടപ്പെടുന്നവർക്കു വേണ്ടി ഒരു മണിക്കൂർ സമയം മിണ്ടാതിരുന്നു പഠിക്കുക.

# പണത്തിലും വേണ്ടതു സ്നേഹം

വിശ്വാസാഹിത്യകാരന്മാരുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള റഷ്യൻ നോവലിസ്റ്റാണു് ടോൾസ്റ്റോയി. ഒരിക്കൽ അദ്ദേഹം റഷ്യയുടെ തലസ്ഥാനമായ മോസ്ക്കോവിലെ ഒരു റോഡിൽ കൂടെ നടന്നു പോകുകയായിരുന്നു. കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ചു് കൈയിൽ ഭിക്ഷപാത്രവുമായി ഒരു യാചകൻ അദ്ദേഹത്തെ സമീപിച്ചു. തീർത്തും ദയനീയമായിരുന്നു ആ യാചകൻെറ രൂപവും വേഷവും.

പ്രകൃത്യാദയാലുവായ ടോൾസ്റ്റോയി, അയാൾക്കു വല്ലതും കൊടുക്കുന്നതിന് വേണ്ടി പോക്കററിൽ തപ്പി. പക്ഷെ, അതിൽ ഒന്നുമില്ലായിരുന്നു. അദ്ദേഹത്തിന് വളരെ സങ്കടം തോന്നി. എങ്കിലും, പണത്തേക്കാൾ മനുഷ്യനാവശ്യം സ്നേഹമാണെന്നറിയാമായിരുന്ന അദ്ദേഹം ആ മനുഷ്യൻെറ തോളിൽ പിടിച്ചുകൊണ്ടു സ്നേഹാർദ്രമായ സ്വരത്തിൽ പറഞ്ഞു:—"സഹോദരാ. ക്ഷമിക്കണെ. എൻെറ കൈയിൽ ഒന്നുമില്ല."

പണം ലഭിക്കാഞ്ഞതിൽ ആ മനുഷ്യനു നിരാശയുണ്ടായില്ല. മറിച്ച് പുഞ്ചിരിച്ചു കൊണ്ട് ആ മനുഷ്യൻ പറഞ്ഞു: "ഇന്നാണു് എൻെറ ജീവിതത്തിലെ ഏററവും ആനന്ദകരമായ ദിവസം. ഇങ്ങനെയൊരനുഭവം ജീവിതത്തിൽ എനിക്കിന്നാദ്യമാണ്. ആരും ഇത്ര സ്നേഹപൂർവ്വം, എന്നെ ഇതുവരെ സഹോദരാ എന്നു വിളിച്ചിട്ടില്ല, പണം തരുന്നവരധികവും എന്നെ തെണ്ടിയായിട്ടു പരിഗണിക്കുന്നു. അവിടുന്നാകട്ടെ എന്നെ സഹോദരനായി കണക്കാക്കുന്നു." ഇത്രയും പറഞ്ഞു് ഉന്മേഷചിത്തനായി ആ മനുഷ്യൻ നടന്നകന്നുപോയി.

പണം മനുഷ്യനു വേണം പക്ഷെ, പണത്തെക്കാൾ അധികം മനുഷ്യനാവശ്യം സ്നേഹമാണ്. മാതാപിതാക്കന്മാരുടെ പണത്തിൽ നിന്നല്ല നമ്മൾ ജനിച്ചതു്. അവരുടെ സ്നേഹത്തിൽ നിന്നു ജനിച്ച നമുക്കു് ആജീവനാന്തം ആവശ്യമുള്ളതും കൊടുക്കാവുന്നതും സ്നേഹമാണ്.


എല്ലാവരെയും പണം കൊടുത്തു സഹായിക്കുവാൻ നമുക്കു സാധിച്ചെന്നു വരില്ല. എങ്കിലും എല്ലാവരെയും സഹോദരരീത്യാ സ്നേഹിക്കാൻ നമുക്കു് എന്നും കഴിയും.

1223

10

# എല്ലാവരും കഴിവുള്ളവർ

ലോകത്തിൽ ഒരാൾ കഴിവു കുറവുള്ളയാളും, വേറൊരാൾ കഴിവു കൂടുതലുള്ളയാളും ആണെന്നു പറഞ്ഞു കൂടാ. നമ്മളെല്ലാവരും കഴിവുള്ളവരാണു്. നമ്മളുടെ കഴിവുകൾ ഓരോരുത്തരുടെയും ഓരോ തരത്തിലാണെന്നേയുള്ളു.



ആനയ്ക്കു് വലിപ്പം ഉണ്ടു്. പക്ഷെ, പാവം ആനയ്ക്കു് അതിൻെറ ഉയരത്തിൻെറ നാലിരട്ടി താഴ്ചയുള്ള ഒരു കുഴിയിൽ വീണാൽ അവിടെ നിന്നു രക്ഷപെടാനുള്ള കഴിവില്ല.

ആനയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ എറുമ്പു് വലിപ്പത്തിൽ നിസ്സാരനാണു് എന്നാൽ സംഖ്യാബലം എറുമ്പിനാണു്. തന്നെയുമല്ല, എറുമ്പിനു് അവൻെറ ഉയരത്തിൻെറ നാലായിരം ഇരട്ടി താഴ്ചയുള്ള കുഴി

യിൽ വീണാൽ തന്നെയും അവിടെനിന്നു് അനായാസേന കയറിപ്പോകാം.

കഴുകനു കായബലമുണ്ടു്. പക്ഷെ കുരുവിക്കുള്ളിടത്തോളം സംഖ്യാബലം കഴുകനില്ല.

പുല്ലിനു്, തേക്കിനുള്ളതുപോലെ പൊക്കമില്ല. എന്നാൽ, കൊടുങ്കാററു പിടിക്കുമ്പോൾ കടപുഴകി വീഴുന്നതു തേക്കാണു്. പുല്ലു്, തലയും ആട്ടിനില്ക്കും; ഇനി വീണാൽ തന്നെയും, അതു പ്രയാസമൊന്നും കൂടാതെ തലയും ഉയർത്തി പിന്നെയും എണീററു വരും. തേക്കിനു് അതിനുള്ള കഴിവില്ല.

അണുക്കൾ ചെറുതാണു്. നക്ഷത്രങ്ങൾക്കുള്ള വലിപ്പമൊന്നും അണുക്കൾക്കില്ല. പക്ഷെ നക്ഷത്രങ്ങൾക്കു കയറിച്ചെല്ലാൻ സാധിക്കാത്തിടത്തു് കയറിച്ചെല്ലാവുന്നതു് അണുക്കൾക്കാണു്.

ഒരാൾക്കു് പണം ഉണ്ടായിരിക്കാം. അയാൾക്കു്, പക്ഷെ ആരോഗ്യം കണ്ടില്ലെന്നു വരും. ഒരാൾക്കു് വിദ്യാബലം ഉണ്ടായിരിക്കാം പക്ഷെ, അയാൾക്കു വിദ്യാഭ്യാസമില്ലാത്തവൻെറ രീതിയിൽ സന്താനബലം കണ്ടില്ലെന്നു വരും. ഒരാൾക്കു് തീരെ സൗന്ദര്യമില്ലായിരിക്കാം. എന്നാൽ അയാൾക്കു് സൗന്ദര്യമുള്ളവരേക്കാൾ കൂടുതൽ ബുദ്ധികണ്ടെന്നു വരും.

ചെമ്പരത്തിപ്പൂവിനു നിറവും വലിപ്പവും ഉണ്ടു്. പക്ഷെ മണമില്ല മുല്ലപ്പൂവിനു മണമുണ്ടു്. പക്ഷെ; വലിപ്പമില്ല.

ഇങ്ങനെ നമുക്കോരോരുത്തർക്കുമുണ്ടു് നമ്മുടേതായ കഴിവു്. ആരെയും കഴിവു കുറഞ്ഞവരായി ദൈവം ലോ

കത്തിലേയ്ക്കയച്ചിട്ടില്ല. ആരോടും ദൈവം പക്ഷപാതപരമായി പെരുമാറുന്നുമില്ല. നമ്മൾ അന്യോന്യം സഹായിക്കുകയാണെങ്കിൽ ആർക്കും ആർക്കും വിഷമമില്ല. എന്നാൽ അന്യോന്യം സഹായിക്കാതിരിക്കുകയാണെങ്കിൽ എല്ലാവർക്കും വിഷമമായിരിക്കും.

## അഭ്യാസം

1. "ചിലർ കഴിവുള്ളവരും ചിലർ കഴിവില്ലാത്തവരും ആണ്." ഇങ്ങനെ പറയുന്നതു ശരിയാണോ? എങ്ങനെ പറയുന്നതാണ് ശരി?

2. ദൈവത്തിനു പക്ഷപാതമുണ്ടോ? ചിലരെ പണക്കാരായും മററു ചിലരെ പാവപ്പെട്ടവരായും സൃഷ്ടിച്ചിരിക്കുന്ന ദൈവം പക്ഷപാതമില്ലാത്തവനാണോ?

3. ദൈവം ആരുടെ പക്ഷത്താണ്? എലിയുടെ പക്ഷത്താണോ, എലിയെ പിടിച്ചുതിന്നുന്ന പൂച്ചയുടെ പക്ഷത്താണോ?

4. പൂരിപ്പിക്കുക.

എലിക്കു.....................ഉണ്ടെങ്കിൽ പൂച്ചയ്ക്കു് ...........ഉണ്ടു് (സംഖ്യാബലം, കായബലം.)

5. പൂച്ച എലിയെ അതിജീവിക്കാനാണോ, എലി പൂച്ചയെ അതിജീവിക്കാനാണോ സാദ്ധ്യത?

6. കാട്ടാനയായിരിക്കുമോ കുഴിയാനയായിരിക്കുമോ ലോകത്തിൽ അവസാനം ശേഷിക്കുക.

7. പുല്ലിനാണോ കൂടുതൽ ബലം, പ്ലാവിനാണോ?

8. അണുക്കൾക്കുള്ള സവിശേഷതയെന്തു്? നക്ഷത്ര

ങ്ങൾക്ക് എന്തു സവിശേഷതയാണുള്ളത്?

9. സഹായം എപ്പോഴും ഒരേ ദിശയിൽ (unidirectional) ആയിരുന്നാൽ മതിയോ?

10. ഒരാളോട് ഒരു കാര്യം ചോദിക്കുന്നതിലും വാങ്ങുന്നതിലും സ്നേഹമില്ലേ? കൊടുക്കുന്നതിൽ മാത്രമെ സ്നേഹമുള്ളു, എന്നുണ്ടോ?

## നിർദ്ദേശങ്ങൾ

1. നിങ്ങൾക്ക് ആരെങ്കിലും എന്തെങ്കിലും തരുമ്പോൾ സ്നേഹപൂർവ്വം അതു സ്വീകരിക്കുകയും നന്ദി പറയുകയും ചെയ്യുക. "വേണ്ടാ, വേണ്ടാ" എന്ന് ഔദ്ധത്യപൂർവ്വം ആരോടും പറയരുത്.

2. നിങ്ങൾക്ക് ആവശ്യമില്ലെങ്കിൽ, "വേണ്ടാ· വളരെ നന്ദി"എന്നു പറഞ്ഞ് വാങ്ങിയ ശേഷം തിരിച്ചു കൊടുക്കുക.

# നീന്തോളജി

ഒരിക്കൽ സാമൂഹ്യശാസ്ത്രത്തിലും(Sociology) ദൈവശാസ്ത്രത്തിലും(Thiology) വലിയ ബിരുദം നേടിയശേഷം, ഒരു കത്തോലിക്കാവൈദികൻ യൂറോപ്പിൽനിന്ന് കേരളത്തിലേയ്ക്കു മടങ്ങി വരികയായിരുന്നു. കപ്പലിലായിരുന്നു അദ്ദേഹം യാത്ര ചെയ്തിരുന്നത്.

ഒരു ദിവസം നാലഞ്ചുപേരൊന്നിച്ച്, അദ്ദേഹം കപ്പലിൻെറ മുകൾത്തട്ടിൽ(Deck) അങ്ങോട്ടും ഇങ്ങോട്ടും നടന്ന് വർത്തമാനം പറഞ്ഞു. അതിനുശേഷം, അവർ അവിടെയുണ്ടായിരുന്ന കമ്പിയഴികളിൽ ചാരിനിന്ന് സമുദ്രത്തിന്റെ പരപ്പുനോക്കി ആനന്ദിച്ചു.

എങ്ങനെയോ, അതിനിടയ്ക്കു് ആ വൈദികൻ കടലിലേയ്ക്കു മറിഞ്ഞുവീണു. നീന്തലറിയാൻ പാടില്ലായിരുന്നതുകൊണ്ടു് അദ്ദേഹം വെള്ളത്തിൽ താഴാൻ ഭാവിക്കുന്നതുകണ്ടു്, കപ്പലിൻെറ ഡെക്കിൽ നിന്നിരുന്ന ഒരു വെരപ്പുക്കാരൻ പൊന്നപ്പൻ ഉടനെ കടലിലേയ്ക്കു ചാടി അദ്ദേഹത്തെ പിടിച്ചു രക്ഷിച്ചു.

അപകടത്തിൽനിന്നു് രക്ഷപെട്ടതിൽ, വൈദികനും, കൂടെ ഉണ്ടായിരുന്നവരും, ദൈവത്തിനു നന്ദി പറഞ്ഞു.

"എൻെറ സോഷ്യോളജിക്കും, തിയോളജിക്കും എന്നെ രക്ഷിക്കാൻ സാധിക്കാഞ്ഞിടത്തു് പൊന്നപ്പന്റെ നീന്തോളജിക്കു്* എന്നെ രക്ഷിക്കാൻ കഴിഞ്ഞു" പൊന്നപ്പൻെറ തോളിൽ തട്ടിക്കൊണ്ടു് അദ്ദേഹം എല്ലാവരും കേൾക്കെ പറഞ്ഞു. അതുകേട്ട് അവരെല്ലാവരും ചിരിച്ചു.

---

* നീന്തൽ

# സ്നേഹമില്ലാത്തിടത്ത് ദൈവമില്ല

ഭിക്ഷുക്കളായ മാതാപിതാക്കന്മാരുടെ പ്രാർത്ഥന, തങ്ങൾക്ക് ഇനി ആരും ഒന്നും തന്നില്ലെങ്കിലും, തങ്ങളുടെ കുട്ടികൾക്ക് വല്ലവരും എന്തെങ്കിലും കൊടുക്കണെ, എന്നാണ്. വല്ലതും മാതാപിതാക്കന്മാർക്കു കിട്ടിയാൽ, മക്കൾക്കു കൊടുത്തിട്ടെ അവർ ഭക്ഷിക്കുകയുള്ളു.

കുഞ്ഞുങ്ങളുള്ള പക്ഷികൾ, എന്തെങ്കിലും ആഹാരം കണ്ടുകിട്ടിയാൽ ഉടനെ അതു തിന്നാതെ, അതെടുത്തുകൊണ്ടുപോയി കൂട്ടിലിരിക്കുന്ന കുഞ്ഞുങ്ങൾക്കു കൊടുക്കുന്നതു് നിങ്ങളെല്ലാവരും ഒരുപക്ഷെ കണ്ടിട്ടുണ്ടായിരിക്കണം.

സാധാരണയായി എല്ലാ മാതാപിതാക്കന്മാർക്കും അവരുടെ കാര്യം ചോദിക്കുന്നതിലും, ഇഷ്ടം അവരുടെ കുട്ടികളുടെ കാര്യം ചോദിക്കുന്നതിലാണ്.

തങ്ങൾക്ക് ഉണ്ണാനും ഉടുക്കാനും കുറച്ചു കുറവാണെങ്കിലും മക്കൾ യോജിപ്പിലും സ്നേഹത്തിലും കഴിയുമ്പോഴാണ് മാതാപിതാക്കന്മാർക്കു സന്തോഷം.

നമ്മുടെ പിതാവായ ദൈവം സന്തോഷിക്കുന്നതു് നമ്മൾ അന്യോന്യം സ്നേഹത്തിൽ കഴിയുമ്പോഴാണ്. നമ്മുടെ നന്മയിലാണ് അവിടുത്തെ ആനന്ദം.

തമ്മിൽതമ്മിൽ നമുക്കു സ്നേഹമില്ലെങ്കിൽ നമ്മൾ എന്തുമാത്രം പ്രാർത്ഥിച്ചാലും എത്രമാത്രം നമ്മൾ തപസ്സനുഷ്ടിച്ചാലും അതൊക്കെ, നിഷ്ഫലമാണ്. അങ്ങനെയുള്ള

ദൈവസ്നേഹം വേരില്ലാത്ത വൃക്ഷംപോലെയും വെള്ളം ഇല്ലാത്ത കിണർ പോലെയും ആണു്. അതു് നിർജീവമാണു്; നിഷ്പ്രഭമാണു്.

കാണാവുന്ന മനുഷ്യരെ സ്നേഹിക്കാത്തവർക്കു് കാണാൻ പാടില്ലാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്നവകാശപ്പെടാൻ നിവൃത്തിയില്ല.

നമ്മുടെ ദൈവസ്നേഹം രൂപംകൊണ്ടു് ഒരുതരത്തിൽ പറഞ്ഞാൽ മാംസമായിത്തീരുന്നതു് മനുഷ്യസ്നേഹത്തിലാണു്. തമ്മിൽ തമ്മിൽ സ്നേഹമില്ലാത്തിടത്തു് വേറെ എന്തെല്ലാം ഉണ്ടായിട്ടും ഒരു പ്രയോജനവുമില്ല.

യോജിപ്പില്ലാതെ, ഒരാൾ ലത്തീനിലും വേറൊരാൾ സുറിയാനിയിലും, ഇനിയും ഒരാൾ സംസ്കൃതത്തിലും, ഒരേ സമയത്തു്, വളരെ നന്നായി കീർത്തനങ്ങൾ പാടുന്നെന്നിരിക്കട്ടെ. അതു് കർണ്ണകഠോരമായിട്ടേ ദൈവത്തിനും കേൾവിക്കാർക്കും തോന്നുകയുള്ളു. അതിലേറെ ഇമ്പം കാണും സാധാരണക്കാർ മലയാളത്തിൽ ഒന്നിച്ചുപാടുന്നതിനു്.

ഭക്തന്മാർ, ദൈവനാമം വിളിച്ചു് അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചാൽ ഒരു ബഞ്ചുപോലും മാറുകയില്ല. എന്നാൽ പാപികൾ തന്നെയും, ഒരുവശത്തോട്ടു് ഒന്നിച്ചു പിടിച്ചാൽ മലപോലും മാറും.

ശരിയായ ദൈവസ്നേഹമുള്ളിടത്തു് പരസ്നേഹം ഉണ്ടായിരിക്കും; ശരിയായ പരസ്നേഹമുള്ളിടത്തു് ദൈവസ്നേഹവും കാണാതെ വരികയില്ല.

## അഭ്യാസം

1. മക്കൾക്കു കൊടുത്തതിനു ശേഷമാണോ അതിനു മുമ്പാണോ അമ്മമാർ ഭക്ഷിക്കുന്നതു ?

2 തള്ളക്കോഴി, തൻെറ കുഞ്ഞുങ്ങൾക്കു് ആഹാരം ചികഞ്ഞുകൊടുത്തതിനുശേഷമല്ലേ, എന്തെങ്കിലും തിന്നാറുള്ളതു ?

3 അനിയനെ പട്ടിണിയിട്ടിട്ടു്, ഒരു ചേട്ടൻ തന്റെ അപ്പനു് ആവശ്യമുള്ളതെല്ലാം കൊടുക്കുന്നെന്നിരിക്കട്ടെ. ആ അപ്പനു് സന്തോഷവും സമാധാനവും കാണുമോ? എന്തായിരിക്കും ആ അപ്പൻെറ ആഗ്രഹം?

4. പരസ്നേഹമില്ലാത്ത ദൈവസ്നേഹം എങ്ങനെയുള്ളതാണു്?

5. നമ്മുടെ ദൈവസ്നേഹം എങ്ങനെയാണു് ക്രൃപയുള്ളതായിത്തീരുന്നതു ?

6. ദേവാലയത്തിൽ കയറുന്നതിനു തന്നെയും, "എനിക്കാദ്യം, എനിക്കാദ്യം" എന്നു പറഞ്ഞു് ഭക്തന്മാർ ബഹളമായാൽ എന്തു സംഭവിക്കും?

7 മുട്ടായി കൊടുത്താൽ, അതെടുത്തെറിഞ്ഞു് അന്യോന്യം കണ്ണു പൊട്ടിക്കുന്ന കുട്ടികൾക്കു് ആരെങ്കിലും മുട്ടായി കൊടുക്കുമോ?

8. വെള്ളം കൊടുത്താൽ, അതു്, അന്യോന്യം ചെവിയിൽ അടിച്ചുകയററാൻ ശ്രമിക്കുന്ന കുട്ടികൾക്കു് വല്ലവരും വെള്ളം കോരിക്കൊടുക്കുമോ?

9. യോജിപ്പില്ലാതെയും സ്നേഹമില്ലാതെയും നമ്മൾ കഴിയുമ്പോൾ ദൈവം തൻെറ ദാനങ്ങൾ നമ്മിൽനിന്നും പിൻവലിക്കുമോ?

## നിർദ്ദേശങ്ങൾ

1. ഒരാളെ കണ്ടു നിങ്ങൾക്കു സംസാരിക്കാനുള്ള പ്പോൾ, കഴിവതുംവേഗം കാര്യം പറഞ്ഞു തീർത്തിട്ടുപോരിക. ഒരു പക്ഷെ, പലർക്കും അയാളെ കാണാനുണ്ടെന്നു വരും.

2. ഒരാൾ ഒരു സഹായം ചോദിച്ചിട്ട്, നിങ്ങൾക്ക് അതു ചെയ്യാൻ നിവൃത്തിയില്ലെങ്കിൽ അക്കാര്യംപറഞ്ഞു അയാളെ ഉടനെ അയയ്ക്കുകയും, "പിതാവെ, ആ സഹോദരനെ സഹായിക്കണെ." എന്ന് അയാൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

3. ഒരാൾ എന്തെങ്കിലും പറയുമ്പോൾ ഇടയ്ക്കു കയറി പറയാതിരിക്കുക.

4. നമ്മളിൽനിന്നു ഭിന്നിച്ചുപോയവരുടെ അടുക്കൽ സന്ദർഭംനോക്കി ചെല്ലുകയും അവരോട് അങ്ങേയററം വിട്ടുവീഴ്ച കാണിക്കുകയും ചെയ്യുക.

# കോമാളിയായ കോർണേലിയൂസ്

അനേകം വർഷങ്ങൾക്കു മുമ്പ്, പശ്ചിമേഷ്യയിൽ പുണ്യചരിതനായ ഒരു മനുഷ്യൻ താമസിച്ചിരുന്നു. തപോനിഷ്ഠനും, അത്ഭുതസിദ്ധിയുള്ളവനും ആയ അദ്ദേഹത്തെ എല്ലാവർക്കും വലിയ ബഹുമാനമായിരുന്നു.

ഒരിക്കൽ, താൻ എത്രമാത്രം പുണ്യമുള്ളവനാണെന്നറിയാൻ അദ്ദേഹത്തിനു വലിയ ജിജ്ഞാസയുണ്ടായി. അതു് തനിക്കു വെളിപ്പെടുത്തിത്തരുന്നതിനു വേണ്ടി

അദ്ദേഹം ദൈവത്തോട പ്രാൎത്ഥിച്ചു. "നിനക്കു കോൺസ്റ്റാൻറിനോപ്പിളിലുള്ള കോമാളിയായ കൊർണേലിയൂസിനുള്ളിടത്തോളം പുണ്യം ഉണ്ടു്." എന്ന ഒരു അശരീരി വാക്യം അദ്ദേഹം കേട്ടു.

അന്നുമുതൽ കൊർണേലിയൂസിനെ പോയിക്കാണണമെന്നദ്ദേഹത്തിനു് ആഗ്രഹമായി. അതിനു് അദ്ദേഹം യാത്ര തിരിച്ചു. ഇന്നത്തെ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന അക്കാലത്തു് വളരെ പണിപ്പെട്ടാണു് അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലെത്തിയതു്.

കോമാളിവേഷം ധരിച്ചു്, ഒരു പെൺകുട്ടിയെ കൈക്കുപിടിച്ചുകൊണ്ടു്, ഒരു സ്റ്റേജിലേയ്ക്കു് കടന്നുവരുന്ന നിലയിലാണു്, കോർണേലിയൂസിനെ, കോൺസ്റ്റാൻറിനോപ്പിളിലെത്തിയ താപസൻ, ആദ്യം കാണുന്നതു്. തനിക്കു് ആളു തെററിപ്പോയതായിരിക്കുമോ എന്നദ്ദേഹം വിചാരിച്ചു. ആരം അതുതന്നെയെന്നു് അന്വേഷണത്തിൽ അദ്ദേഹത്തിനു മനസ്സിലായി. "എന്തു്. ഈ ആഭാസനുള്ളിടത്തോളം പുണ്യമെ എനിക്കുള്ളെന്നോ? അദ്ദേഹം സംശയിച്ചു അതെ. അത്രയും തന്നെയില്ലെന്നു വേണം പറയാൻ" എന്നു് അശരീരി തൻെറ ഉള്ളിൽ പറയുന്നതായി താപസനു തോന്നി.

കൊർണേലിയൂസിനെ കണ്ടു സംസാരിക്കുന്നതിനു് നാടകം കഴിയുന്നതുവരെ താപസൻ പുറത്തു നിന്നു. നാടകം അവസാനിച്ചപ്പോരം അദ്ദേഹം കൊർണേലിയൂസിനെ പോയിക്കണ്ടു. അദ്ദേഹത്തെ, കൊർണേലിയൂസ് ആദരപൂർവ്വം സ്വീകരിച്ചു. പല കാര്യങ്ങളെക്കുറിച്ചും അവർ കുറെ സമയം സംസാരിച്ചു.

അതു കഴിഞ്ഞു്, കുറേക്കൂടെ അടുത്തിരുന്നുകൊണ്ടു് താപസൻ, കൊർണേലിയൂസിനോടു ചോദിച്ചു: "ആകട്ടെ, അവിടുന്നു് ഏതെല്ലാം ഭക്താനുഷ്ഠാനങ്ങളും തപശ്ചര്യകളുമാണു് അനുഷ്ഠിക്കുന്നതു്?"

അതിനു്, "ഞാനെന്തു പുണ്യമാണു ചെയ്യുന്നതു്? അവിടുന്നു് ഇവിടെ കണ്ടതൊക്കെയാണു് എന്റെ പുണ്യം." എന്നു് കൊർണേലിയൂസ് ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

"അതല്ല, അവിടുന്നു് ഏതോ പ്രത്യേക തപശ്ചര്യകൾ അനുഷ്ഠിക്കുന്നുണ്ടു്, എന്നോടു പറയാത്തതാണു്." എന്നായി താപസൻ.

"അങ്ങനെയൊന്നുമില്ല." എന്നു് കൊർണേലിയൂസ് ഉറപ്പിച്ചു പറഞ്ഞു.

"എന്നാൽ എന്തെങ്കിലും വലിയ പുണ്യപ്രവൃത്തികൾ ചെയ്തിട്ടുണ്ടായിരിക്കണം. അതെന്താണെന്നു് ദയവായി എന്നോടു പറയണം." എന്നു താപസൻ നിർബന്ധമായി.

"അങ്ങനെ എന്തെങ്കിലും ചെയ്തതായി എനിക്കൊരോർമ്മയുമില്ല." കൊർണേലിയൂസ് പറഞ്ഞു.

"ഒന്നുകൂടി ഓർത്തുനോക്കിപ്പറയണേ." താപസൻ അപേക്ഷിച്ചു.

കുറെനേരം ആലോചിച്ചിട്ടു് കൊർണേലിയൂസ് പറഞ്ഞു:—

"കുറെ കൊല്ലങ്ങൾക്കു മുമ്പു്, ഞാൻ ഇററലിയിൽ ഫ്ളോറൻസിലായിരുന്നു. എനിക്കു് അന്നും പണി ഇന്നത്തേതുപോലെ, ഈ കോമാളിയുടെതായിരുന്നു. അവിടെ

ആയിരിക്കുമ്പോരം, ഒരു ദിവസം ഞാൻ വഴിയെ നടന്നു പോകുകയായിരുന്നു. ഒരു യുവതി, ഒരുമൂടുപടവും ധരിച്ചു് എന്നെ സമീപിച്ചു. അവളുടെ പ്രകൃതം കണ്ടിട്ടു് അവളൊരു കലീനത്വമുള്ളവളാണെന്നെനിക്കുതോന്നി. അവരം എന്നോടു് അവളുടെ കഥ പറഞ്ഞു. ഒരു നല്ല കുടുബത്തിൽപെട്ടവളായിരുന്നു അവരം. അവളുടെ ഭത്താവു് ഒരു കടക്കാരനായിരുന്നു. കടം കൊടുത്തു തീർക്കാത്തതിൻെറ പേരിൽ അയാരം തടങ്കലിലായിരുന്നു. മുന്നൂറു ഫ്ളോറിൻ ഉണ്ടെങ്കിലേ അയാളെ മോചിപ്പിക്കാൻ സാദ്ധ്യമായിരുന്നുള്ളു. പലരോടും അവരം ചോദിച്ചു. അവരൊക്കെ കൈ മലർത്തിക്കാണിച്ചതേയുള്ളു. ഒടുവിൽ വ്യഭിചാരവൃത്തി സ്വീകരിച്ചാണെങ്കിൽതന്നെയും തൻെറ ഭത്താവിനെ മോചിപ്പിക്കുന്നതിനുള്ള പണമുണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി അന്നവരം ഇറങ്ങിത്തിരിച്ചിരിക്കുകയായിരുന്നു. ആളറിയാതിരിക്കാൻ വേണ്ടിയാണു് അവരം മൂടുപടം ധരിച്ചിരുന്നതു്. അവളുടെ പേരിൽ എനിക്കു് അലിവുതോന്നി. നിവൃത്തികേടിൻെറ പേരിൽ വ്യഭിചാരികളായിത്തീരുന്ന പാവപ്പെട്ട പെൺകുട്ടികളുടെ കാര്യം ഓർത്തു് എനിക്കു കണ്ണീരുവന്നു. കൈയിലുണ്ടായിരുന്ന നൂറു ഫ്ളോറിൻ ഞാനവരംക്കു് അവിടെ വച്ചുതന്നെ കൊടുത്തു. എനിക്കുണ്ടായിരുന്ന പല സാധനങ്ങളും വിററിട്ടു് 250 ഫ്ളോറിൻ കിട്ടി. അതുംകൂടെ, അവളുടെ ഭത്താവിൻെറ മോചനത്തിനും, കുടുംബച്ചെലവുകരംക്കും വേണ്ടി ഞാനവരംക്കു കൊടുത്തു.


അവരംക്കുണ്ടായ സന്തോഷത്തിനു് അതിരില്ലായിരുന്നു. ഞാൻ കൊടുത്ത പണംകൊണ്ടു് കടംവീട്ടി, അവരം

തന്റെ ഭർത്താവിന്റെ മോചനം നേടി. അവർ കുടുംബമായി സസന്തോഷം ജീവിക്കാൻ തുടങ്ങിക്കണ്ടതിൽ ഞാനും വളരെ സന്തോഷിച്ചു.

ഒന്നുരണ്ടു മാസക്കാലമേ ഞാൻ ഫ്ളോറൻസിൽ താമസിച്ചുള്ളു. ഞങ്ങളുടെ നാടകക്കമ്പനി അവിടെനിന്നു പോയപ്പോൾ ഞാനും അവിടെനിന്നുപോയി. ഇങ്ങനെയൊരുപകാരം ചെയ്തു് ഒരു കുടുംബത്തെ രക്ഷിക്കാനെനിക്കിടയായതു് ദൈവത്തിന്റെ കരുണകൊണ്ടാണു്. കൈകൂപ്പി ദൈവത്തിനു് നന്ദി പറഞ്ഞുകൊണ്ടു് കൊർണേലിയൂസ് തുടർന്നു: "അതിൽപിന്നെയും, കഴിവുള്ളപോലെ പ്രയാസപ്പെടുന്നവരെ ഞാൻ സഹായിക്കാറുണ്ടു്."

ആ കോമാളിയുടെ പുണ്യത്തിന്റെ രഹസ്യം മനസ്സിലാക്കിയ താപസ്സൻ ആനന്ദാശ്രുക്കൾ പൊഴിച്ചു. "ഉദാത്തമായ സഹോദരസ്നേഹത്തിലൂടെ, ദൈവസ്നേഹത്തിൽ അവിടുന്നു അത്ഭുതപൂർവ്വം വളർന്നിരിക്കുകയാണു്." എന്നു പറഞ്ഞശേഷം അദ്ദേഹം കോർണേലിയൂസിനെ ആശ്ലേഷിച്ചു. "എനിക്കുവേണ്ടി അവിടുന്നു് പ്രാർത്ഥിക്കണം" എന്നപേക്ഷിച്ചുകൊണ്ടു് താപസൻ യാത്ര പറഞ്ഞു സ്വദേശത്തേയ്ക്കു പോയി.

# പല അളവിൽ



അമ്മ തന്റെ കുട്ടികളെ എല്ലാവരെയും സ്നേഹിക്കുന്നു. എങ്കിലും ഭക്ഷണം വിളമ്പുമ്പോൾ എല്ലാവർക്കും ഒരേ അളവിൽ കൊടുക്കുകയില്ല. ചിലർക്കു കൂടുതലും ചിലർക്കു കുറച്ചും, ഓരോരുത്തരുടെ ആവശ്യമനുസരിച്ചു കൊടുക്കുന്നു.

ഒരു പിതാവു് തന്റെ മക്കൾക്കു് വസ്ത്രങ്ങൾവാങ്ങിക്കൊടുക്കണം. എങ്കിലും എല്ലാവർക്കും ഒരേ വലിപ്പത്തിലുള്ള വസ്ത്രങ്ങൾ വാങ്ങിക്കൊടുത്താൽ, അതു ശരിയായിരിക്കുകയില്ല. പത്തു വയസ്സായ കുട്ടിക്കു്, രണ്ടു വയസ്സായ കുട്ടിയുടെ ഷർട്ട കടക്കുകയില്ല. രണ്ടു വയസ്സായ കുട്ടിക്കു് പത്തു വയസ്സായ കുട്ടിയുടെ ഉടുപ്പു ചേരുകയുമില്ല.

നമ്മൾ എല്ലാവരേയും സ്നേഹിക്കണം. എന്നാൽ എല്ലാവരേയും ഒരേ രീതിയിലും ഒരേ അളവിലും സ്നേഹിക്കാൻ നമുക്കു നിവൃത്തിയില്ല. നമ്മുടെ മാതാപിതാക്കന്മാരെയും ബന്ധുജനങ്ങളെയും മററുള്ളവരിലും കൂടുതൽ നമ്മൾ സ്നേഹിക്കണം. ഒരു ഭർത്താവ് എല്ലാ സ്ത്രീകളെയും സ്നേഹിക്കണം, എല്ലാ സ്ത്രീകളുടെ പേരിലും അയാൾക്കു കനിവു വേണം. എങ്കിലും എല്ലാ സ്ത്രീകളോടും ഭാര്യയോടു പെരുമാറുന്ന രീതിയിൽ അയാൾ പെരുമാററരുത്.

"ലോകമാണെൻെറ തറവാട്" എന്ന ചിന്ത നമുക്കുവേണം. എങ്കിലും നമ്മളെ പ്രസവിച്ച അമ്മയെ നമ്മൾ മറക്കരുത്. ആ അമ്മയോട് നമുക്ക് മററുള്ള അമ്മമാരോടുള്ളതിൽ കൂടുതൽ സ്നേഹം ഉണ്ടായിരിക്കണം.

ഒരു അമ്മയ്ക്കു് എല്ലാ കുട്ടികളോടും കരുണ വേണം. പക്ഷെ, എല്ലാ കുട്ടികളെയും മുലകൊടുത്തു രക്ഷിക്കാൻ ഒരു അമ്മയ്ക്കും സാദ്ധ്യമല്ല.

നിങ്ങളുടെ സ്കൂളും അടുത്ത ടൗണിലെ സ്കൂളും തമ്മിൽ ഒരു ഫുട്ട്ബോൾമാച്ചു നടക്കുന്നെന്നിരിക്കട്ടെ. നിങ്ങളുടെ സ്കൂളിലെ ടീമിനെ വേണം കൈയ്യടിച്ചു പ്രോത്സാഹിപ്പിക്കാൻ. എതിർടീമിൽ പെട്ടവർനന്നായിട്ടു കളിക്കുന്നെങ്കിൽ തന്നെയും നിങ്ങൾ അവരെ കൈയടിച്ചു പ്രോത്സാഹിപ്പിക്കരുത് (അങ്ങനെ ആ സ്കൂളിലെ കുട്ടികൾ ചെയ്തുകൊള്ളും.) നിങ്ങൾ നിങ്ങളുടെ സ്കൂളിലെ കുട്ടികളെ കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നതിൽ പരസ്നേഹത്തിനു വിരോധമായിട്ടൊന്നുമില്ല. പക്ഷെ, എതിർപക്ഷത്തുള്ളവരെ കല്ലെടുത്തെറിയുകയും കളിയാക്കുകയും അരുതു്.

നമ്മുടെ രാജ്യത്തെ വേറൊരു രാജ്യം ആക്രമിക്കുമ്പോഠം, "ആ, അവരുവേണേ പിടിച്ചോട്ടെ. അവരുടെ ആശയല്ലേ. അതു നടക്കട്ടെ" എന്നുപറഞ്ഞു നമ്മളിരിക്കരുതു്; നമ്മുടെ രാജ്യരക്ഷയ്ക്കു വേണ്ടി നമ്മഠം കുടിയെതണം.

നമുക്കു് എല്ലാവരുടെ പേരിലും സ്നേഹം വേണം. പക്ഷെ, എല്ലാവരേയും ഒരേ അടിക്കു് പിടിച്ചാശ്ലേഷിക്കുവാൻ നമുക്കു നിവൃത്തിയില്ല. നമുക്കു രണ്ടു കൈയല്ലേയുള്ളു. എല്ലാ ജീവജാലങ്ങളോടും നമുക്കു കരുണ വേണം. എങ്കിലും എല്ലാ ജീവജാലങ്ങളെയും നമ്മഠം മടയിലെടുത്തു വയ്ക്കണമെന്നില്ല.

നമ്മുടെ സ്നേഹത്തിൽ ഇങ്ങനെ ഏററക്കുറവുകഠം ആകാം.

## അഭ്യാസം

1. മക്കഠംക്കു് എങ്ങനെയാണു് അമ്മ ആഹാരം കൊടുക്കേണ്ടതു്? ഒരേ അളവിലായാൽ പററുമോ?.

2 മക്കഠംക്കു് ഒരേ തരത്തിലുള്ള ഉടുപ്പു് അപ്പൻ വാങ്ങിക്കൊടുത്താൽ കൊള്ളാമൊ?

3. എല്ലാവരെയും ഒരേ അളവിലും രീതിയിലും ആണോ നമ്മഠം സ്നേഹിക്കേണ്ടതു്?

4. നമ്മുടെ മാതാപിതാക്കന്മാരുടെ പേരിൽ നമുക്കു കൂടുതൽ സ്നേഹം വേണ്ടേ?

5. അടുത്ത വീട്ടിലെ സ്ത്രീയ്ക്കാണു് തൻെറ ഭാര്യക്കുള്ളതിലും സൗന്ദര്യമുള്ളതെങ്കിൽ തന്നെയും, ഒരു ഭർത്താവു് "അവഠംക്കാണു് നിന്നിലും സൗന്ദര്യം" എന്നു് തൻെറ

ഭാര്യയുടെ അടുത്തു പറയുന്നതു ശരിയാണോ? അതു കുടുംബകലഹത്തിനു വഴിതെളിക്കുകയില്ലേ?

6. നിങ്ങളുടെ സ്കൂളിനെ മററനേകം സ്കൂളുകളിൽ ഒന്നായി മാത്രം നിങ്ങൾ കണക്കാക്കിയാൽ മതിയോ?

7. നമ്മുടെ രാജ്യരക്ഷയ്ക്കു വേണ്ടി യുദ്ധം ചെയ്യുന്നതു് പരസ്നേഹത്തിനു വിരോധമാണൊ?

8. ഒരു കുട്ടി പഠിക്കാതിരിക്കുമ്പോൾ അവനെ തല്ലി പഠിപ്പിക്കുന്ന അദ്ധ്യാപകനാണോ അവനെശിക്ഷിക്കാതെ, ക്ലാസ്സിലിരുന്നുറങ്ങാൻ അനുവദിക്കുന്ന അദ്ധ്യാപകനാണോ അവനെ കൂടുതൽ സ്നേഹിക്കുന്നതു്?

9. മററുള്ളവരോടു കരുണ കാണിക്കണമെന്നുവച്ചു് അവരുടെ വ്യക്തിത്വം ഇല്ലാതാകത്തക്ക രീതിയിൽ നമ്മൾ അവരോടു കരുണ കാണിച്ചാൽകൊള്ളാമൊ?

10. പണി എടുക്കാൻകഴിവുള്ളവർ, പണി ഉണ്ടായിട്ടും, മടിയായി നടന്നു ഭിക്ഷയാചിക്കുമ്പോൾ നമ്മൾ അവർക്കു വല്ലതും കൊടുക്കണമൊ?

11. സ്നേഹത്തിൽ ഏററക്കുറവുകൾ ആകാമോ? അതിൻെറ പ്രകടനത്തിൽ വൈവിദ്ധ്യം അനുവദനീയമാണോ?

12. ഒരു കുഞ്ഞുമകൾ "അച്ചായനോടു് എനിക്കു കെറുവാ" എന്നുപറയുന്നതും "അച്ചായനോടു് എമ്പിടി ഇഷ്ടമാ'' എന്നു പറയുന്നതും എന്തിൻെറ പ്രകടനമാണു്?

## നിർദ്ദേശങ്ങൾ

1. എല്ലാ മനുഷ്യർക്കും വേണ്ടി രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കുക. "പിതാവെ, ഞങ്ങളെ എല്ലാ

വരെയും അനുഗ്രഹിക്കുകയും നിൻെറ ഇഷ്ടമനുസരിച്ചു ജീവിക്കാൻ സഹായിക്കുകയും ചെയ്യണമെ" എന്നു പ്രാൎത്ഥിക്കാവുന്നതാണു്.

2. എല്ലാവരുടെ പേരിലും സ്നേഹവും കരുണയും ഉള്ളവരായിരിക്കാൻ നമുക്കു ശ്രമിക്കാം.

# വിവേകമില്ലാത്ത വിളമ്പ്

പൊതുക്കാര്യവുമായി നരേന്ദ്രൻ നടക്കാൻ തുടങ്ങിയിട്ടു് ആറേഴുകൊല്ലമായി. വീട്ടിലൊരു പണിയും ചെയ്യുകയില്ല. എന്നാൽ പണം വേണ്ടപ്പോഴൊക്കെ അച്ഛൻ കൊടുത്തു കൊള്ളണം. റോഡു വെട്ടിക്കാനും, കുട്ടികൾക്കു് കോളെജിൽ അഡ്മിഷൻ വാങ്ങിക്കൊടുക്കാനും, കേസുകൾ പറഞ്ഞു തീൎക്കാനും, രോഗികളെക്കൊണ്ടുപോയി ആശുപത്രിയിലാക്കാനും...ആയി ആ സ്നേഹമുള്ള ചെറുപ്പക്കാരൻ തൻെറ സമയം മുഴുവൻ ചെലവഴിച്ചിരുന്നു.

ഒരിക്കൽ അമ്മയ്ക്കു സുഖക്കേടു വന്നിട്ടു് അവരെ കൊണ്ടുപോയി ആശുപത്രിയിലാക്കുന്നതിനു് നരേന്ദ്രനു് ഒഴിവില്ലായിരുന്നു. അന്നു് ഒരാൾക്കുവേണ്ടി, ഒരു പോലീസിൻസ്പെക്ടറുടെ അടുക്കൽ മദ്ധ്യസ്ഥം പറയാനാണു് നരേന്ദ്രൻ പോയതു്.

അയാളെപ്പററി "നല്ല നരേന്ദ്രനണ്ണി", എന്നു പറയുമായിരുന്നു.

അങ്ങനെയിരിക്കെ, ഒരിക്കൽ, മഞ്ഞപ്പിത്തം പിടിച്ചു് നരേന്ദ്രൻ കിടപ്പിലായി. ചികിത്സയ്ക്കു് കുറെയ

ധികം പണം വേണ്ടിവന്നു. ചിലരൊക്കെ നരേന്ദ്രനെ കാണാൻ ചെന്നു എന്നല്ലാതെ, എന്തെങ്കിലും ഒരു സഹായം അയാൾക്കു ചെയ്യുകയോ, അയാളുടെ അടുത്തു നിന്നു് ഒരു രാത്രിയെങ്കിലും അയാളെ ശുശ്രൂഷിക്കാമെന്നു വയ്ക്കുകയോ ചെയ്തില്ല. ഇതോർത്തു് നരേന്ദ്രനു വളരെ സങ്കടമുണ്ടായി.

ഒരുദിവസം, തന്റെ അടുത്തു നിന്നിരുന്ന അമ്മയോട്"അയാൾ പറഞ്ഞു: "അമ്മേ അമ്മ പഠിപ്പിച്ച രീതിയിൽ എല്ലാവരെയും സ്നേഹിക്കാൻ ഞാൻശ്രമിച്ചു. പക്ഷെ ഞാൻ തോററുപോയതായിട്ടാണു് എനിക്കു തോന്നുന്നതു്."

"ഇല്ല. മകനെ നീ തോററിട്ടില്ല സ്നേഹിക്കാൻ പഠിച്ചതോടൊപ്പം, നീ ഇനി വിളമ്പാൻ കൂടെ പഠിക്കണം; എന്നേയുള്ളു. നീ കണ്ടിട്ടില്ലേ, ഞാൻ വീട്ടിൽ എല്ലാവർക്കും ചോറു വിളമ്പുന്നതു്. എല്ലാവർക്കും ഒരേ രീതിയിലല്ല ഞാൻ ചോറു വിളമ്പാറുള്ളതു്." അമ്മ അവനെ പറഞ്ഞാശ്വസിപ്പിക്കാൻ ശ്രമിച്ചു.

"വിവേകമില്ലാത്ത വിളമ്പായിരുന്നു എന്റേതു്. ഇനിയും വിവേകത്തോടെയായിരിക്കും ഞാൻ വിളമ്പുന്നതമ്മേ." അമ്മയുടെ കൈ പിടിച്ചുകൊണ്ടു് നരേന്ദ്രൻ പറഞ്ഞു.

നമ്മളെല്ലാവരും<br>
സോദരരാണഹോ,<br>
പൂർണ്ണരാക്കേണ്ടവർ<br>
തമ്മിലന്യോന്യമായ്.

PRINTED AT
THE VIDYARTHI MITHRAM PRESS,
KOTTAYAM.